# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.22 | No.11 | കാർത്തികപ്പള്ളി | R.No. 7361/02 | 2022 NOVEMBER

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## ജീവൻ തുടിക്കുന്ന ഭൂമി



ഈ പ്രപഞ്ചത്തിൽ ജീവൻ സാധ്യമായ ഒരേയൊരു ഗോളം ഭൂമിയാണെന്നാണ് നമ്മുടെ അറിവ്. അതുകൊണ്ടുതന്നെ അന്യഗ്രഹ ജീവൻ തേടുമ്പോഴെല്ലാം നമ്മൾ ആ ഗ്രഹങ്ങൾക്ക് ഭൂമിയോട് എത്രത്തോളം സാമ്യതയുണ്ടെന്ന കാര്യം കൂടി പരിഗണിക്കും. എന്നാൽ ഇപ്പോഴത്തെ ഭൂമിയെ കൂടുതൽ ആവാസയോഗ്യമാക്കാൻ വ്യാഴം വിചാരിച്ചാൽ സാധിക്കുമെന്നാണ് പുതിയ പഠനം. ഇതിനായി വ്യാഴത്തിന്റെ ഭ്രമണപഥത്തിൽ ചെറിയ മാറ്റം വരുത്തിയാൽ മാത്രം മതിയത്രെ.

വ്യാഴത്തിന്റെ സ്ഥാനം ഇപ്പോഴത്തേതു തന്നെയായി തുടരുകയും അതിന്റെ ഭ്രമണപഥത്തിൽ ചെറിയ മാറ്റം സംഭവിക്കുകയും ചെയ്താൽ അത് ഭൂമിയെ കൂടുതൽ ആവാസയോഗ്യമാക്കി മാറ്റുമെന്നാണ് കലിഫോർണിയ സർവകലാശാലയിലെ പ്ലാനെറ്ററി സയന്റിസ്റ്റ് പാം വെർവോർട്ട് പറയുന്നത്. ഈയൊരു പഠനവും കണ്ടെത്തലുകളുമെല്ലാം ഭാവിയിൽ ആവാസയോഗ്യമായ ഗ്രഹങ്ങൾ നിർണയിക്കുന്ന കാര്യത്തിലും സ്വാധീനം ചെലുത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

അതേസമയം ഇതിനൊരു മറുവശം കൂടിയുണ്ട്. ഇനി വ്യാഴം സൂര്യനോട് കൂടുതൽ അടുത്ത ഭ്രമണപഥത്തിലേക്ക് വരികയാണെങ്കിൽ നമ്മുടെ ആവാസവ്യവസ്ഥക്ക് ക്ഷീണമാകും. കാരണം വ്യാഴത്തിന് അങ്ങനെയൊരു മാറ്റമുണ്ടായാൽ ഭൂമിയുടെ അച്ചുതണ്ട് കൂടുതൽ ചെരിയും. ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവിന് നമ്മുടെ കാലാവസ്ഥയിൽ വലിയ സ്വാധീനമുണ്ട്. അങ്ങനെ സംഭവിച്ചാൽ ഭൂമിയിൽ കൂടുതൽ പ്രദേശങ്ങളിൽ മഞ്ഞു നിറയും. മാത്രമല്ല ഇപ്പോഴുള്ളതിന്റെ നാലിരട്ടി സമുദ്രം മഞ്ഞിലുറഞ്ഞു പോകുമെന്നും മുന്നറിയിപ്പുണ്ട്. ദ അസ്ട്രോണമിക്കൽ ജേണലിലാണ് പഠനം പൂർണമായി പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ശാസ്ത്രം വികാസം പ്രാപിക്കുംതോറും പരിണമിച്ചോ, പൊട്ടിത്തെറിച്ചോ ഉണ്ടായതല്ല ഈ ഭൂമിയും പ്രപഞ്ചവും എന്നും, അവ നിലനിൽക്കുന്നതിനെപ്പറ്റി പഠിച്ചാൽ സൃഷ്ടിച്ച് പരിരക്ഷിക്കുന്ന ഒരു പ്രപഞ്ചശില്പിയെ കണ്ടെത്താൻ കഴിയും എന്നതും കേവലം വിശ്വാസമല്ല, ഒരു യാഥാർത്ഥ്യമാണ്. കൃത്യമായ പാതകളിൽ നിശ്ചയിക്കപ്പെട്ട നിയമങ്ങൾ അനുസരിച്ച് സഞ്ചരിക്കുന്ന ഗ്രഹങ്ങൾ അന്യോന്യം കൃത്യമായി പ്രദക്ഷിണം വച്ചുകൊണ്ടിരിക്കുന്നത് കേവലം യാദൃശ്ചികമല്ലല്ലോ. നാം അധിവസിക്കുന്ന ഭൂമിയും ഇവിടെയുള്ള ജീവജാലവും നിലനിൽക്കുന്നത് ഒരു സൃഷ്ടാവിന്റെ വിവേകപൂർവ്വമായ സംവിധാനത്തിൻ കീഴിലാണെന്ന് മനസിലാക്കാൻ സാമാന്യബുദ്ധിയും യുക്തിയും മതിയാകുന്നതാണ്.

## ഭയത്തിന്റെ ന്യൂറോണുകൾ



കാഴ്ച, സ്പർശം, കേൾവി, മണം, രുചി എന്നിങ്ങനെ പല വഴിക്കും പേടി ജീവികളിലേക്കെത്താം. ജീവികളിൽ ഭയം ജനിപ്പിക്കുന്ന ന്യൂറോണുകളെ തിരിച്ചറിയുന്നതിൽ വിജയിച്ചിരിക്കുകയാണ് ശാസ്ത്രലോകം. കാലിഫോർണിയയിലെ സാൽക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോളജിക്കൽ സ്റ്റഡീസിലെ ഗവേഷകരാണ് ഈ നേട്ടത്തിന് പിന്നിൽ. പഠനത്തിന്റെ പൂർണരൂപം സെൽ റിപ്പോർട്ട്സിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

നമ്മുടെ മസ്തിഷ്കത്തിലെ ഭയത്തിന്റെ കേന്ദ്രമെന്ന് വിളിക്കുന്ന ഭാഗമാണ് അമിഗ്ഡാല. ഈ ഭാഗത്തേക്ക് പേടിയുടെ സൂചനകൾ എത്തിക്കുന്നതിൽ കാൽസിറ്റോനിൻ ജീൻ റിലേറ്റഡ് പെപ്റ്റെയ്ഡ് അഥവാ സിജിആർപിക്കുള്ള പങ്കിനെക്കുറിച്ച് ചില സൂചനകൾ ശാസ്ത്രലോകത്തിനുണ്ടായിരുന്നു. ഈ സംശയത്തിൽ പിടിച്ചാണ് ഗവേഷക സംഘം പഠനം ആരംഭിച്ചത്.

ജനിതകമാറ്റം വരുത്തിയ എലിയിലായിരുന്നു പരീക്ഷണം. തലച്ചോറിന്റെ പിന്നിലായി നട്ടെല്ല് തുടങ്ങുന്ന ഭാഗത്തെ ബ്രെയിൻസ്റ്റെമിൽ നിന്നും തലാമസിൽ നിന്നും അമിഗ്ഡാലയിലേക്ക് ബന്ധമുണ്ട്. ഇതുവഴിയാണ് സിജിആർപി ന്യൂറോൺസ് സഞ്ചരിക്കുന്നത്. മനുഷ്യരിലും ഇതേ ന്യൂറോണുകൾ കണ്ടുവരുന്നുണ്ട്. അതുകൊണ്ടുതന്നെ സമാനമായിരിക്കും സിജിആർപിയുടെ പ്രവർത്തനമെന്ന ഊഹത്തിലായിരുന്നു പരീക്ഷണം.

മിനിസ്കോപ് എന്നു പേരുള്ള ഉപകരണം പരീക്ഷണ എലിയിൽ ഘടിപ്പിച്ചു. ഇതുവഴിയാണ് സിജിആർപി ന്യൂറോണുകളുടെ സഞ്ചാരം നിരീക്ഷിച്ചത്. പലതരത്തിലുള്ള പേടിപ്പെടുത്തുന്ന സാഹചര്യങ്ങൾ എലിയിൽ സൃഷ്ടിച്ച ശേഷം പ്രതികരണം രേഖപ്പെടുത്തുകയായിരുന്നു. കാലിൽ ചെറിയ വൈദ്യുതാഘാതം എൽപിച്ചും ഇടിമുഴക്കത്തിന്റെ ശബ്ദം കേൾപിച്ചുമെല്ലാമാണ് എലിയെ പേടിപ്പിച്ചത്. ഇതിനു ശേഷം സിജിആർപി ന്യൂറോണുകളുടെ നീക്കങ്ങൾ രേഖപ്പെടുത്തുകയായിരുന്നു.

## ഗോഡ്സ് സ്മഗ്ലർ




അതിസാഹസികമായി ബൈബിളുകൾ കടത്തിയ ഡച്ച് ക്രിസ്ത്യൻ മിഷനറി ആൻഡ്രൂവാൻ അന്തരിച്ചു. അദ്ദേഹത്തിന് 94 വയസ്സായിരുന്നു. നെതർലൻഡ്സിലെ ഹാർഡർവിക്കിലുള്ള വസതിയിൽ വെച്ചാണ് കുടുംബം അദ്ദേഹത്തിന്റെ വിയോഗം അറിയിച്ചത്. ആൻഡ്രൂ വാൻ ഡെർ ബിജിൽ 70-ഓളം രാജ്യങ്ങളിൽ പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികൾക്ക് പിന്തുണ നൽകുന്ന ഓപ്പൺ ഡോർസ് എന്ന സംഘടനയ്ക്ക് അടിത്തറ പാകി. വളരെ സാഹസികനും ഏതു അപകടസാധ്യതയും നേരിടാൻ കഴിയുന്നവനും ആയിരുന്നു. ഇരുമ്പ് തിരശ്ശീലകൾക്ക് പിന്നിൽ ബൈബിളുകൾ വിവിധ രാജ്യങ്ങളിലേക്ക് കടത്താൻ ധൈര്യപൂർവം തന്റെ ജീവിതം മാറ്റിവെച്ചു.

1967-ൽ ഗോഡ്സ് സ്മഗ്ലർ എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടെയാണ് വാൻ ഡെർ ബിജിൽ ആദ്യമായി ലോകശ്രദ്ധ നേടിയത്. തന്റെ വോൾക്സ് വാഗൺ ബീറ്റിൽ ഒളിപ്പിച്ച ബൈബിളുകൾ അതിർത്തി കാവൽക്കാരുടെ മൂക്കിന് താഴെ നിന്നുകൊണ്ട് എങ്ങനെയാണ് രാജ്യങ്ങളിലേക്ക് കടത്തിയതെന്ന്, ഗോഡ്സ് സ്മഗ്ലർ എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജീവിതത്തിലുടനീളം, രാജ്യങ്ങളിലേക്ക് ബൈബിളുകൾ കടത്തിയതിന്റെ നിരവധി ചരിത്രങ്ങൾ വാൻ ഡെർ ബിജിലിനുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം കാറിൽ ബൈബിളുകൾ നിറച്ച് റൊമാനിയൻ അതിർത്തിയിൽ ക്യൂവിൽ കാത്തുനിൽക്കുമ്പോൾ, കാവൽക്കാർ വളരെ സൂക്ഷ്മമായി വാഹനങ്ങൾ പരിശോധിക്കുന്നത് അദ്ദേഹം ശ്രദ്ധിച്ചു. തന്റെ ബുദ്ധികൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് തോന്നിയപ്പോൾ അവിടെവെച്ചു ദൈവത്തോട് വളരെ പ്രാർഥിക്കുകയും, ഒരു ധീരമായ ആശയം അദ്ദേഹത്തിന് ലഭിക്കുകയും, കാവൽക്കാർക്ക് കാണത്തക്കവണ്ണം കുറച്ചു ബൈബിളുകൾ വാഹനത്തിനു പുറത്തു തുറന്നുവെക്കുകയും ചെയ്തു. അദ്ദേഹം ഗാർഡ് പോസ്റ്റിലേക്ക് കയറുമ്പോൾ, ഗാർഡ് പാസ്പോർട്ടിലേക്ക് നോക്കി, പോകാനായി കൈ വീശി കാണിക്കുകയും, അടുത്ത വാഹനം പരിശോധിക്കാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹം വളരെ തന്ത്രപരമായി അവിടെ നിന്നും ബൈബിളുകൾ കടത്തുകയും ചെയ്തു. ഇവാഞ്ചലിക്കൽ ജേണലിസ്റ്റുകളായ ജോണും എലിസബത്ത് ഷെറിലും “ബ്രദർ ആൻഡ്രൂ” എന്ന കോഡ് നാമത്തിൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം 10 ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിക്കുകയും 35 ഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തു. ക്രിസ്ത്യൻ വിശ്വാസം നിയമവിരുദ്ധമായിരുന്ന രാജ്യങ്ങളിലെ വിശ്വാസികളുടെ ദുരവസ്ഥയിലേക്ക് സുവിശേഷ ശ്രദ്ധ ആകർഷിക്കാൻ ഈ പുസ്തകത്തിന് കഴിഞ്ഞു.

## ദോശ പ്രിന്റർ



കഴിഞ്ഞ ദിവസങ്ങളിൽ ഇന്ത്യൻ സമൂഹ മാധ്യമങ്ങളിൽ തരംഗമായത് ഒരു ദോശ പ്രിന്ററാണ്. ലോകത്തെ ആദ്യത്തെ ദോശ പ്രിന്ററിനെക്കുറിച്ച് ദി ഇക്കണോമിക് ടൈംസ് മുതൽ ഖലീജ് ടൈംസ് വരെ റിപ്പോർട്ടു ചെയ്തു. വീഡിയോയിൽനിന്നു മനസ്സിലാകുന്നതുപ്രകാരം, ദോശ പ്രിന്ററിൽ ദോശയുടെ കനവും കുക്കിങ്ങിനു വേണ്ട സമയവും ക്രമീകരിക്കാം. അതിനൊപ്പം ഉള്ള ടാങ്കിൽ 700 എം.എൽ വരെ മാവ് നിറയ്ക്കാം. ഇതുപയോഗിച്ച് പത്തു ദോശ വരെ ഉണ്ടാക്കാം. ചെന്നൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ഇവോഷെഫ് (Evochef) കമ്പനി പുറത്തിറക്കിയ ദോശ പ്രിന്ററിന് ആരാധകരും കടുത്ത വിമർശകരുമുണ്ട്. ഇസി ഫ്ളിപ് (EC Flip) എന്ന പേരിലാണ് ഇവോഷഫിന്റെ ദോശ മെഷീൻ പുറത്തിറക്കിയിരിക്കുന്നത്. ലോകത്തെ ആദ്യ സ്മാർട് ദോശ മേക്കർ എന്ന വിശേഷണവും കമ്പനി നൽകുന്നുണ്ട്. ദോശ മേക്കറിലെ ടാങ്കിലേക്ക് മാവ് ഒഴിച്ച്, വേണ്ട കനം, മൊരിച്ചിൽ, എണ്ണം തുടങ്ങിയവയ്ക്കുള്ള ബട്ടൺ അമർത്തിയാൽ പ്രിന്ററിൽനിന്ന് പേപ്പർ പുറത്തുവരുന്നതുപോലെ മെഷീൻ ദോശകൾ പുറത്തെത്തും. ഈ വീഡിയോ പുറത്തുവന്നശേഷം ഇന്റർനെറ്റ് ഉപയോക്താക്കളാണ് അതിന് ‘ദോശ പ്രിന്റർ’ എന്ന പേരിട്ടതെന്നു പറയുന്നു.

## നിസ്സാരം!

ഒരു മേശ ചുമന്ന് ഏറ്റവും കൂടുതൽ ദൂരം ഓടിയതിനുള്ള ലോകറെക്കോർഡ് ജോർജസ് ക്രിസ്റ്റൻ എന്ന ലക്സംബർഗുകാരന്റെ പേരിലാണ്.

‘ഹോ, ഭയങ്കര ഭാരമുള്ള മേശയായിരിക്കും, അല്ലേ?’ എന്ന സംശയം സ്വാഭാവികം. എന്നാൽ വെറും പന്ത്രണ്ട് കിലോ ഭാരമേയുണ്ടായിരുന്നുള്ളു ആ മേശയ്ക്ക്! അങ്ങനെയാണെങ്കിൽ കിലോമീറ്ററുകളോളം അതും ചുമന്നുകൊണ്ട് ഓടിക്കാണുമോ? ഇല്ല, വെറും 11.80 മീറ്റർ ദൂരം മാത്രമേ ക്രിസ്റ്റൻ ആ മേശയും ചുമന്നുകൊണ്ട് ഓടിയുള്ളൂ.

‘ങേ?! പിന്നെന്തു കാര്യത്തിനാ ഗിന്നസ് റെക്കോർഡ്?’

ക്രിസ്റ്റൻ മേശ ചുമന്നത് കൈയിലോ മുതുകത്തോ അല്ല, മറിച്ച് പല്ലിലാണ്! അതെ, പല്ലുകൊണ്ടാണ് ഇത്രയും ഭാരമുള്ള മേശ അദ്ദേഹം ചുമന്നത്. തീർന്നില്ല, ആ മേശയിൽ 50 കിലോ ഭാരമുള്ള ഒരാൾ ഇരിക്കുന്നുമുണ്ടായിരുന്നു! വായ കൊണ്ട് മേശ ചുമന്ന് ഏറ്റവും വേഗത്തിൽ പത്തുമീറ്റർ ദൂരം സഞ്ചരിച്ചതിനുള്ള ലോകറെക്കോർഡും ക്രിസ്റ്റന്റെ പേരിലാണ്. ചെറുപ്പം തൊട്ടേ കാറും ട്രക്കും കപ്പലും വിമാനവും വരെ പല്ലു കൊണ്ട് വലിച്ചുനീക്കി പലതവണ റെക്കോർഡിട്ട് ഞെട്ടിച്ചുകൊണ്ടിരിക്കുന്ന ക്രിസ്റ്റനെ ‘സ്ട്രോങ് മാൻ’ എന്നാണ് വിശേഷിപ്പിക്കാറുള്ളത്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# ആകുലചിന്ത



**റോ**മൻ ചക്രവർത്തിമാർ ക്രിസ്ത്യാനികൾക്കെതിരെ മതപീഡനം അഴിച്ചുവിട്ട കാലഘട്ടം. വൃദ്ധനായ ഒരു ക്രിസ്ത്യാനിയെ ചക്രവർത്തി വിചാരണ ചെയ്യുന്നതാണു രംഗം.

"ഓ, നീ ക്രിസ്ത്യാനിയാണ്. നീ നിന്റെ വിശ്വാസം തള്ളിപ്പറയാൻ തയ്യാറുമില്ല അല്ലേ? എങ്കിൽ ഞാൻ നിന്റെ സ്വത്തുക്കൾ എല്ലാം കണ്ടുകെട്ടും."

"തിരുമനസ്സേ, അതു സാധ്യമല്ല. കാരണം, എന്റെ നിക്ഷേപം സ്വർഗ്ഗത്തിലാണ്."

"എങ്കിൽ നിന്നെ ഞാൻ കാരാഗൃഹത്തിൽ ഏകാന്തത്തടവിലാക്കും."

"കാരാഗൃഹത്തിൽ യോസേഫിനോടുകൂടെ ഇരുന്ന ദൈവം എന്നോടൊപ്പവും ഉണ്ടാവും, ഏകാന്തത്തടവ് എനിക്കു ദൈവത്തോടൊപ്പമുള്ള കൂട്ടായ്മയുടെ സ്ഥലമായിരിക്കും."

"ഓഹോ! എങ്കിൽ ഞാൻ നിന്നെ നാടുകടത്താനാണ് തീരുമാനിച്ചിരിക്കുന്നത്."

"വിരോധമില്ല, പത്മോസിലേക്ക് നാടുകടത്തപ്പെട്ട യോഹന്നാൻ ആത്മവിവശതയിലായി സ്വർഗ്ഗീയ ദർശനങ്ങളെ കണ്ടല്ലോ. എനിക്കും......"

"അങ്ങനെയാണോ? എങ്കിൽ ശിരച്ഛേദം ചെയ്തു നിന്റെ കഥ കഴിക്കാനാണു പോകുന്നത്."

"സന്തോഷം. തിരുമനസ്സേ, ഈ ശരീരം വിട്ടാൽ ഞാൻ ക്രിസ്തുവിനോടൊപ്പം, അത് അത്യുത്തമം."

ഇനി എന്തു ചെയ്യണമെന്നറിയാതെ ചക്രവർത്തി കുഴങ്ങി. എന്തു ചെയ്താലും ക്രിസ്ത്യാനിയെ ഭയപ്പെടുത്താനോ അവന്റെ സന്തോഷം ഇല്ലാതാക്കാനോ കഴിയില്ലെന്നു കണ്ട് ചക്രവർത്തി അവനെ വെറുതെ വിട്ടു വെന്നാണു കഥ.

സാഹചര്യം എന്തായാലും അതിന് അതീതനായി സന്തുഷ്ടനായിരിക്കാൻ ക്രിസ്ത്യാനിക്കു കഴിയും. വസ്തുത ഇതായിരിക്കെ ഇന്നു ക്രിസ്ത്യാനികൾ ഉൽകണ്ഠാകുലരും ആകുലചിത്തരും വിഷാദമഗ്നരുമായിരിക്കുന്നതിനു എന്താണു കാരണം?

ക്രിസ്തുവിനെ വ്യക്തിപരമായി അറിയാത്തവരും നഷ്ടപ്പെട്ടവരുമായ ആളുകളോട് യേശുക്രിസ്തുവിലൂടെ ലഭ്യമാകുന്ന സന്തോഷത്തെക്കുറിച്ചും സമാധാനത്തേക്കുറിച്ചും നാം വാചാലരാകാറുണ്ട്. അപ്പാൾ അവരാരെങ്കിലും ഇന്നത്തെ ക്രിസ്ത്യാനികളുടെ ഉത്കണ്ഠയും പിരിമുറുക്കവും ചൂണ്ടിക്കാട്ടി ഈ അവകാശവാദങ്ങളെ ചോദ്യം ചെയ്താൽ നമുക്ക് എന്താണു മറുപടി? ഈ കിസ്ത്യാനികളുടെ അവസ്ഥയെ നമുക്ക് എങ്ങനെ വിശദീകരിക്കാൻ കഴിയും?



പത്രോസിന്റെ വാക്കുകളിൽ നിന്നും നമുക്ക് ഇതിനു മറുപടി കണ്ടെത്താം. 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ' എന്നാണു പത്രോസിന്റെ ഉദ്ബോധനം. അപ്പോൾ ക്രിസ്തുവിലായിരിക്കുന്ന ഒരുവൻ ബോധപൂർവ്വം ചെയ്യേണ്ട ഒരു കാര്യമുണ്ട്, തന്റെ ആകുലചിന്തകളും ഉത്കണ്ഠകളും അവൻ കർത്താവിന്റെ മേൽ ഇട്ട് വിശ്രമിക്കണം.

പറയുമ്പോൾ എളുപ്പം കഴിഞ്ഞു. പക്ഷേ എങ്ങനെയാണു സകല ചിന്താകുലവും അവന്റെ മേൽ ഇടുന്നത്? ഭാരമുള്ള ചുമടുമായി നടന്നുപോകുന്ന വൃദ്ധയോടു ദയതോന്നി തന്റെ വണ്ടിയിൽ കയറിക്കൊള്ളാൻ അനുവദിച്ച കാളവണ്ടിക്കാരന്റെ ഒരനുഭവം കേട്ടിട്ടുണ്ട്. അവൻ പിന്നെയും കുറേ ദൂരം ചെന്നിട്ടു തിരിഞ്ഞു നോക്കിയപ്പോൾ വൃദ്ധ, കാളവണ്ടിക്കുള്ളിൽ ഇരിക്കുന്നുണ്ടെങ്കിലും ചുമട് അപ്പോഴും അവരുടെ തലയിലുണ്ട്. ചുമട് തലയിൽ നിന്ന് ഇറക്കി വണ്ടിയിൽ വച്ചാൽ കാളയ്ക്ക് അതു കൂടുതൽ ഭാരമാകും, കാളവണ്ടിക്കാരന് അതു ബുദ്ധിമുട്ടാകും എന്നിങ്ങനെയുള്ള ചിന്തയായിരുന്നത്ര വണ്ടിയിൽ ഇരിക്കുമ്പോഴും ചുമട് തലയിൽ തന്നെ വഹിക്കാൻ അവരെ പ്രേരിപ്പിച്ചത്. ഈ വൃദ്ധയെപ്പോലെയാണു പലപ്പോഴും നമ്മൾ. ദൈവത്തിന്റെ ബലമുള്ള കൈകളിലാണു നമ്മുടെ ഇരിപ്പ്, പക്ഷേ അപ്പോഴും ഭാരം അവിടെ ഇറക്കിവയ്ക്കാതെ ചിന്താകുലങ്ങൾ നാം തലയിൽ പേറുകയാണ്.

എങ്ങനെയാണ് ഈ ഭാരം അവന്റെ മേൽ ഇടുവാൻ കഴിയുന്നത്? ലഘുവായ രണ്ടു കാര്യങ്ങൾ അതിനു നമ്മെ സഹായിക്കും. ഒന്ന് വിശ്വാസം, രണ്ട് അനുസരണം,

കാരണം ഉള്ളതും ഇല്ലാത്തതുമായ ഭാരപ്പെടുത്തുന്ന ചിന്തകൾ മനസ്സിൽ കയറിവരുമ്പോൾ വിശ്വാസത്തെ പ്രവർത്തനനിരതമാക്കി ഭാരത്തെ ദൈവത്തിൽ കൊണ്ടിടുവാൻ നാം പഠിക്കേണ്ടതുണ്ട്. ആകുലചിന്തകൾ വരുമ്പോൾ ഭാരപ്പെട്ടുപോകുവാൻ, ധൈര്യഹീനരാകുവാൻ, നിരാശിതരാകുവാൻ ബോധപൂർവ്വം തന്നെ നാം വിസമ്മതിക്കണം, വിശ്വാസത്താൽ അവയെ ഉടനെ തന്നെ ദൈവത്തിൽ അർപ്പിക്കണം.

ആസിയിൽ ഉണ്ടായ കഷ്ടങ്ങൾ നിമിത്തം നിരാശ തോന്നി..... അത്യന്തം ഭാരപ്പെട്ടു..... ഭയപ്പെട്ടു (2 കൊരി.1:8, 7:5) എന്നെല്ലാം ഒരിക്കൽ സ്വന്തം അനുഭവം വിവരിക്കുന്ന പൗലോസിന് പിന്നീടൊരിക്കൽ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് ഫിലിപ്പ്യർക്കു ലേഖനം എഴുതുമ്പോൾ സാഹചര്യങ്ങൾക്ക് അതീതമായി കർത്താവിൽ സന്തോഷിക്കുന്നതിനെക്കുറിച്ച് ഇത്രയേറെ വാചാലനാകുവാൻ എങ്ങനെയാണ് കഴിയുന്നത്? (104 വാക്യങ്ങൾ മാത്രമുള്ള ആ കൊച്ചു ലേഖനത്തിൽ 17 പ്രാവശ്യമാണ് പൗലോസ് സന്തോഷത്തെക്കുറിച്ച് പറയുന്നത്) ഒരിക്കൽ ഫിലിപ്പിയയിലെ കാരാഗൃഹത്തിൽ ബന്ധനസ്ഥനായി കിടക്കുമ്പോൾ അർദ്ധരാത്രിയിൽ പാടി സന്തോഷിച്ച സംഭവത്തിന്റെ (പ്രവൃത്തി 6) ഓർമയാകാം വിശ്വാസത്തോടു ആകുലചിന്തകളെ നിരാകരിച്ച് കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നതിനെക്കുറിച്ചുള്ള ഉദ്ബോധനത്തിനു പൗലോസിനെ ശക്തിപ്പെടുത്തിയത്.

ഹൃദയത്തിൽ ഭാരം ഉണ്ടാകുന്നതിനുള്ള രണ്ടാമത്തെ കാരണം അനുസരണത്തിന്റെ അഭാവമാണ്. ദൈവത്തോടുള്ള അനുസരണം എപ്പോഴും ആനന്ദം കൊണ്ടുവരുന്നു. എത്യോപ്യയിലെ ഷണ്ഡൻ (പ്രവൃത്തി 8:38, 39) ഫിലിപ്പിയിലെ കാരാഗൃഹപ്രമാണി (പ്രവൃത്തി 16: 33, 34)

ശേഷം പേജ് 6



# വ്യാജസിംഹം



**ന**മ്മുടെ ആത്മാക്കളുടെ ബദ്ധശത്രുവായ സാത്താനെപ്പറ്റി അപ്പൊസ്തലനായ പത്രൊസിന്റെ വിവരണം ശ്രദ്ധിക്കുക: "ജാഗരൂകരായിരിക്കുവിൻ; എന്തെന്നാൽ നിങ്ങളുടെ പ്രതിയോഗിയായ പിശാച് അറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങണം എന്നു തിരഞ്ഞ് ചുറ്റി നടക്കുന്നു" (1 പത്രൊ: 5:8).

നമുക്കു സുപരിചിതമായിട്ടുള്ള ഈ വേദഭാഗം വായിക്കുമ്പോൾ സാത്താൻ അലറിപ്പാഞ്ഞുവരുന്ന ഒരു സിംഹമാകുന്നു എന്ന ആശയമാണ് വേഗം മനസ്സിലേക്കു വരുന്നത്. എന്നാൽ അതല്ല സത്യം; അവൻ ഒരു സിംഹമല്ല, സിംഹത്തെപ്പോലെ നമുക്കെതിരെ വരുന്ന ഒരു ശത്രുവാണ്.

വേഷം കെട്ടുന്നതിൽ വിദഗ്ദ്ധനാണ് സാത്താൻ എന്ന് ബൈബിൾ പ്രസ്താവിക്കുന്നു. ചിലപ്പോൾ അവൻ വെളിച്ചദൂതന്റെ വേഷംകെട്ടി നമ്മെ സമീപിക്കും, എങ്കിലും സത്യത്തിൽ അവൻ അന്ധകാരത്തിന്റെ പ്രഭുവാണ്. ഭോഷ്കിന്റെ (നുണയുടെ) അപ്പനായിരിക്കെത്തന്നെ അവൻ സത്യത്തിന്റെ വക്താവിനെപ്പോലെ വന്നെത്തും. ഹൃദയത്തിൽ സത്യവും ആത്മാർത്ഥതയുമില്ലാത്ത ഏവരും അവന്റെ വ്യാജ വേഷത്തിൽ നിശ്ചയമായും കബളിപ്പിക്കപ്പെടുകയും ചെയ്യും. അതുകൊണ്ട് നമുക്കീവിധം പ്രാർത്ഥിക്കാം: "അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നത്; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കണമേ." (സങ്കീ. 51:6) അതേ, ശത്രുവിന്റെ വ്യാജങ്ങളെ വിവേചിച്ചറിയുന്നതിനുവേണ്ട ജ്ഞാനം നമുക്കിന്നാവശ്യം തന്നെ.



## വേഷമിട്ട സിംഹം

അവനൊരു സിംഹമല്ല എങ്കിൽ പിന്നെ അവന്റെ യഥാർത്ഥരൂപം എന്താണ്? യാക്കോബ് 4:7-ൽ നിന്നതു ഗ്രഹിക്കാൻ കഴിയും: "പിശാചിനോട് എതിർത്തു നിൽക്കുവിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും." ആരെങ്കിലും എതിർത്തു നിൽക്കുകയോ കല്ലെറിയുകയോ ചെയ്താൽ ഒരു യഥാർത്ഥസിംഹം ഓടിപ്പോകുകയില്ലല്ലോ, ധൈര്യപൂർവ്വം നാം എതിർത്തു നിൽക്കുമ്പോൾ ഭയപ്പെട്ട് പിന്നോക്കം തിരിഞ്ഞോടുന്ന ഈ ശത്രു ഒരു സിംഹമല്ല, പ്രത്യുത സിംഹവേഷമിട്ട ഭീരുവായ ഒരു നായ് മാത്രമാണെന്ന് നമുക്കനുമാനിക്കാം.

അതേ, അവൻ സിംഹത്തെപ്പോലെ വേഷമിട്ടു വരുന്നവൻ മാത്രമാണ്. അകലെനിന്ന് അവൻ ഗർജ്ജിക്കുമെങ്കിലും നാം ഭയപ്പെടേണ്ടതില്ല; ദൈവമക്കളെ വാസ്തവത്തിൽ സാത്താന് ഭയമാണ്. മരണത്തിന്റെ അധികാരിയായ പിശാചിനെ നമ്മുടെ കർത്താവ് തന്റെ മരണത്താൽ നിരായുധനാക്കിക്കൊണ്ട് നമുക്കിന്ന് ശത്രു ഭയത്തിൽ നിന്ന് സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ് (എബ്രാ. 2:14; കൊലൊ. 2:15) 'ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു" (ലൂക്കൊ. 10:19) എന്നാണല്ലോ യേശു ശിഷ്യന്മാരോട് പറഞ്ഞത്.

ലോകം, ജഡം, പിശാച് എന്നിങ്ങനെ ദുഷ്ടത്രിത്വത്തിലെ മൂന്ന് ആളത്തങ്ങളും ഒരു ക്രിസ്ത്യാനിക്കെതിരെ യുദ്ധരംഗത്തുണ്ടെന്ന് നാമോർക്കണം. പിശാചുതന്നെ നേരിട്ട് ആക്രമിക്കുന്ന ചില മേഖലകളുണ്ട്. ഭയം, ആകുലച്ചിന്ത, സംശയം, അലസത എന്നിവയെല്ലാം സാത്താന്റെ ആയുധങ്ങളാണെന്ന് നാം അറിയണം.

ഇനി യഥാർത്ഥസിംഹം ആരാണെന്നു നമുക്കു നോക്കാം. ഒന്നും സംശയിക്കാനില്ല, 'യഹൂദാഗോത്രത്തിൽ സിംഹമായ' നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെയാണ് അസ്സൽ സിംഹം. (വെളി. 5:5) 'സിംഹംപോലെ' എന്നല്ലല്ലോ ഇവിടെ പറഞ്ഞിരിക്കുന്നത്. നമ്മുടെ കർത്താവാണ് യഥാർഥ സിംഹം!

യേശുവുമായി ആത്മാവിൽ ഏകീഭവിച്ചിട്ടുള്ളവരായ ദൈവജനം അവനുമായി ഒരു ശരീരമാകുന്നു. ക്രിസ്തു തലയും നാം ശരീരവുമായി സ്നേഹത്തിൽ ഏകീഭവിച്ച് നാം നിലകൊള്ളുമ്പോൾ നമുക്ക് തന്നോടൊത്ത് യഥാർത്ഥ സിംഹമായിത്തന്നെ നിൽക്കാൻ കഴിയും. മഹാകാഹളനാദം പോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയുമാണ് അവിടുത്ത ഗർജ്ജനധ്വനി. അങ്ങനെ അസ്സൽ സിംഹത്തോടൊത്ത് നാം ധൈര്യപൂർവ്വം നിലയുറപ്പിച്ചു കഴിയുമ്പോൾ പിന്നെ വ്യാജസിംഹത്തിന് നമ്മെ എന്തു ചെയ്യാനാകും? നമുക്കിനി അവനെ ഭയപ്പെടേണ്ട കാര്യമേയില്ല!

ഒരു യഥാർത്ഥ ദൈവപൈതലിന് മരണത്തെയും മരണഭയത്തെയും വെല്ലുവിളിക്കാൻ കഴിയുന്നത് ഇക്കാരണത്താലാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരങ്ങളും നമ്മുടെ കർത്താവിന്റെ കൈകളിൽ ഭരമേൽപിക്കപ്പെട്ടിരിക്കുന്നു. ആ ഉന്നതാധികാരം നമ്മെ ഏല്പിച്ചുകൊണ്ടാണ് 'നിങ്ങൾ പോകുവിൻ' എന്ന് അവിടുന്ന് കല്പിച്ചിരിക്കുന്നത്. യേശു നൽകിയ ഈ അധികാരപത്രവുമായി നാം ധൈര്യപൂർവ്വം സാത്താനെ എതിർത്തു നിൽക്കുക-ഒരു മിന്നൽ പോലെ അവൻ തിരിഞ്ഞോടി അപ്രത്യക്ഷനാകുന്നതു നാമും കാണും. അവനെ ജയിക്കാനുള്ള മാർഗ്ഗവും തിരുവെഴുത്ത് നമ്മോടു പറഞ്ഞിരിക്കുന്നു. "അവർ സാത്താനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല" (വെളി.12:11).




# വിളക്കിലെ എണ്ണ



ഒരു മാസത്തിനകം ആയുധവിദ്യ പഠിക്കണം! ആ ആവശ്യവുമായി ആനന്ദൻ എന്ന യുവാവ് ഭവപ്രിയൻ എന്ന യോദ്ധാവിന്റെ അടുത്തെത്തി.

"ഒരു മാസമോ? അതു മതിയാവില്ല" ഭവപ്രിയൻ പറഞ്ഞു. എന്നാൽ, ഒരു മാസംകൊണ്ടുതന്നെ പഠനം തീർക്കണമെന്ന് ആനന്ദൻ വാശിപിടിച്ചു.

അപ്പോൾ ഭവപ്രിയൻ ഒരു നിലവിളക്കു ചൂണ്ടിക്കാണിച്ചു. "ശരി, പഠനം തുടങ്ങാം. ആദ്യം ആ വിളക്കിൽ എണ്ണയൊഴിക്കൂ. കത്തുന്ന തിരിയിലേക്കു നേരിട്ട് എണ്ണ ഒഴിക്കണം." ആനന്ദൻ അതുപോലെ ചെയ്തു. നാളത്തിൽ എണ്ണ വീണതോടെ തിരികെട്ടു!

ഭവപ്രിയൻ പറഞ്ഞു: "കണ്ടില്ലേ, തിരി കത്തണമെങ്കിൽ എണ്ണ വേണം. എന്നാൽ അത് താഴെ നിന്ന് പതുക്കെ കയറി വന്നാലേ പറ്റൂ. അതുപോലെ, എന്തും ശരിയായി പഠിക്കണമെങ്കിൽ അതിനാവശ്യമായ സമയം കൊടുക്കണം."

# കണക്കുമാഷ്



വർക്കി സാർ നിന്ന നിൽപ്പിൽ രണ്ടു കൈകളിലേയും വിരലുകൾ ഉയർത്തിക്കാട്ടി. എന്നിട്ടു പറഞ്ഞു: "നിസാരം! നമ്മുടെ കൈവിരലുകളിൽത്തന്നെ കണക്ക് ഒളിച്ചിരിക്കുന്നുണ്ട്. കാണണോ?"

അദ്ദേഹം രണ്ടു കൈകളിലേയും വിരലുകൾ പ്രത്യേക രീതിയിൽ നിവർത്തിയും മടക്കിയും പത്തുവരെയുള്ള പട്ടിക ചൊല്ലി. വിരലുകളിൽ കണക്കു പട്ടിക വിരിയുന്ന മഹാത്ഭുതം കണ്ടു ഞങ്ങൾ ഞെട്ടി.

പിറ്റേ ദിവസം ഈജിപ്റ്റിലെ പിരമിഡുകളുടെ ചിത്രവുമായാണു സാർ ക്ലാസിൽ വന്നത്. പിരമിഡ്, ത്രികോണം, വൃത്തം എന്നിവ പറഞ്ഞു തരുന്നതിനു മുമ്പ് ഫറവോമാരെക്കുറിച്ചും മമ്മികളെക്കുറിച്ചുമുള്ള കഥകൾ അദ്ദേഹം പറയാൻ തുടങ്ങി! കണക്കിൽ സാമർത്ഥ്യം കാട്ടി ലോകശ്രദ്ധ നേടിയ ശകുന്തളാ ദേവിയുടെ ചിത്രവും പെരുന്തച്ചന്റെ മനക്കണക്കിന്റെ വേഗതയും മറ്റൊരു ദിവസം വിഷയങ്ങളായി. അങ്ങിനെ മാത്തമാറ്റിക്സിന്റെ കാണാക്കയങ്ങളിലേക്ക് വർക്കി സാർ മെല്ലെ ഞങ്ങളെ കൂട്ടിക്കൊണ്ടു പോകുകയായിരുന്നു.

വർക്കി സാറും വള്ളത്തോളും!

മറ്റ് അദ്ധ്യാപകർ എത്താതിരുന്ന പിരീഡുകളിലും ക്ലാസ് ടീച്ചർ എന്ന നിലയിൽ വന്നു തുടങ്ങിയതോടെയാണു സാറിന്റെ അറിവിന്റെ ലോകം ഞങ്ങൾക്ക് കൂടുതൽ തുറന്നുകിട്ടിയത്.

മലയാളം ക്ലാസിലേക്ക് ഒരു ദിവസം അദ്ദേഹം നിനച്ചിരിക്കാതെ വന്നു കയറി. എല്ലാവരും കണക്കു പുസ്തകം തുറന്നപ്പോൾ സാർ പറഞ്ഞു. മലയാളം മാഷ് ഒരാഴ്ചത്തയ്ക്ക് അവധിയാണ്. ഈ പിരീഡ് കണക്കല്ല, മലയാളമാണ്.

എല്ലാവരും മിഴിച്ചിരുന്നു.

മഹാകവി വള്ളത്തോളിന്റെ കവിതയാണു പഠിക്കേണ്ടിയിരുന്നത്.

സാർ പതിവു ചിരിയോടെ പറഞ്ഞു: "മഹാകവിയെപ്പോലെ എന്റെ തലയും പെട്ടി ചുമന്ന് കഷണ്ടിയായി വരികയാണ്!"

ഞങ്ങൾക്ക് കാര്യം പിടികിട്ടിയില്ല.

കഥകളിപ്പെട്ടി ചുമന്ന് തന്റെ തലയിൽ കഷണ്ടി കയറിയെന്നു വള്ളത്തോൾ പണ്ടു തമാശ പറഞ്ഞത്രേ! ഹൈറേഞ്ചിലുള്ള തന്റെ വീട്ടിലേക്കു പോകുമ്പോഴൊക്കെ പെട്ടി ചുമന്ന് തന്റെ തലയിലും കഷണ്ടിയായെന്നാണ് സാർ ഉദ്ദേശിച്ചത്.

പിന്നെ ക്ലാസിൽ മുഴങ്ങിക്കേട്ടത് വള്ളത്തോൾക്കവിതകളുടെ മധുരാലാപനമായിരുന്നു!

പാഠപുസ്തകത്തിലെ നരച്ച അക്ഷരങ്ങൾക്ക് ഇത്ര ഇമ്പവും അർത്ഥ ദീപ്തിയുമുണ്ടെന്ന് അന്നാണ് ഞങ്ങൾക്കു മനസിലായത്. (തുടരും)

# ജോലിയുടെ മഹത്വം



വർഷം 1901. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ ആദ്യമായി പങ്കെടുക്കാൻ ഗാന്ധിജി കൽക്കട്ടയിലെത്തി. കാര്യങ്ങളെല്ലാം പരിചയിക്കാനായി കോൺഗ്രസിന്റെ ഓഫീസിൽ രണ്ടു ദിവസം ജോലി ചെയ്യാൻ അദ്ദേഹം തീരുമാനിച്ചു. സെക്രട്ടറിമാരിൽ ഒരാളായിരുന്ന ഘോഷാൽ ഗാന്ധിജിക്ക് ഒരു ജോലി കൊടുത്തു-തനിക്കു വന്ന അനേകം കത്തുകൾക്ക് മറുപടി അയയ്ക്കുക. ഗാന്ധിജി അതു സസന്തോഷം ചെയ്തു. പിന്നീടാണ് ഘോഷാലിന് മനസ്സിലായത്, ദക്ഷിണാഫ്രിക്കയിൽ ഇന്ത്യക്കാർക്കുവേണ്ടി പ്രവർത്തിച്ച ആളെക്കൊണ്ടാണ് താൻ ഗുമസ്തപ്പണി ചെയ്യിച്ചത്! ഘോഷാൽ ക്ഷമ ചോദിച്ചു. ഗാന്ധിജി പറഞ്ഞു: "ഞാൻ നന്ദി പറയുകയാണ് വേണ്ടത്. കാര്യങ്ങൾ പഠിക്കാൻ ഇതൊരു അവസരമായില്ലേ?"

# എത്ര ദൂരെ?



സ്വാമി വിവേകാനന്ദൻ ഒരിക്കൽ ഇംഗ്ലണ്ടിൽ സന്ദർശനം നടത്തി. അവിടെ ഒരു ധനിക കുടുംബത്തിന്റെ അതിഥിയായി അദ്ദേഹം താമസിച്ചു. ഒരു ദിവസം ഗൃഹനാഥനും ഭാര്യയും അവരുടെ തോട്ടം കാണിക്കാനായി വിവേകാനന്ദനെ കൊണ്ടുപോയി.

പെട്ടന്ന് ഒരു കാള അങ്ങോട്ടു പാഞ്ഞുവന്നു. പേടിച്ചുപായ ഭാര്യ തലചുറ്റി വീണു. ഭർത്താവാകട്ടെ ജീവനുംകൊണ്ട് ഓടി!

വിവേകാനന്ദനോ? അദ്ദേഹം അനങ്ങാതെ അവിടെത്തന്നെ നിന്നു. കാള അദ്ദേഹത്തിന്റെ അടുത്തുവന്ന് കുറച്ചുനേരം നോക്കിനിന്നശേഷം തിരിച്ചുപോയി.

ഇതുകണ്ട ധനികൻ ഓടിവന്നു. മുഖത്ത് വെള്ളം തളിച്ച് ഭാര്യയെ ഉണർത്തി. അതിനുശേഷം വിവേകാനന്ദനോടു ചോദിച്ചു: "കാളയെ കണ്ടിട്ടും അങ്ങെന്താണ് അനങ്ങാതെ നിന്നത്?"

വിവേകാനന്ദൻ പുഞ്ചിരിയോടെ പറഞ്ഞു: "അവനെന്നെ കൊമ്പിൽ തൂക്കിയെറിഞ്ഞാൽ എത്ര ദൂരെയാകും ഞാൻ ചെന്നു വീഴുക എന്നു കണക്കുകൂട്ടുകയായിരുന്നു!"

# പ്രതിധ്വനി

തായ്‌ലാൻഡിൽ ചായി എന്നൊരാളുണ്ടായിരുന്നു. ഒരിക്കൽ അയാൾ നഗരത്തിലെ തിരക്കുള്ള ഒരു വലിയ റസ്റ്റോറന്റിൽ എത്തി. തവളയെ പൊരിച്ചതും റോസ്റ്റ് ചെയ്തതുമൊക്കെയായിരുന്നു അവിടത്തെ പ്രധാനവിഭവങ്ങൾ. റസ്റ്റോറന്റിലെ മാനേജരെക്കണ്ട് ചായി പറഞ്ഞു: 'സാർ, എന്റെ വീടിനടുത്തുള്ള കുളത്തിൽ ആയിരക്കണക്കിന് തവളകളുണ്ട്.

ദിവസവും രാത്രിയായാൽ എല്ലാം കൂടി ഭയങ്കര ഒച്ചയുണ്ടാക്കും. അവയുടെ ശബ്ദം മൂലം എനിക്ക് ഉറങ്ങാനേ കഴിയാറില്ല. ഞാൻ അവയെ എല്ലാം പിടിച്ചുതരാം. നിങ്ങൾക്ക് അവയെ പൊരിച്ച് വിൽക്കാമല്ലോ. തവളകളുടെ എണ്ണത്തിന് കാശ് തന്നാൽ മതി."

"ഓക്കെ. അങ്ങനെയെങ്കിൽ ഒരു ദിവസം നൂറെണ്ണത്തിനെ പിടിച്ചുതരൂ. തവളകളെ കൊണ്ടുവരുമ്പോൾ കാശ് തന്നേക്കാം." മാനേജർ കരാർ ഉറപ്പിച്ചു. ചായി സന്തോഷത്തോടെ വീട്ടിലേക്ക് പോയി

അന്ന് രാത്രിയായപ്പോൾ മീൻപിടിക്കുന്ന ഒറ്റാലുമായി അയാൾ കുളക്കരയിലെത്തി. തവളകൾ പതിവുപോലെ ഉച്ചത്തിൽ കരയാൻ തുടങ്ങിയിട്ടുണ്ട്. 'ഇന്ന് ഇരുന്നൂറെണ്ണത്തിനെയെങ്കിലും പിടിച്ചിട്ടുതന്നെ കാര്യം', എന്ന് മനസ്സിലുറപ്പിച്ച് അയാൾ കുളത്തിലേക്കിറങ്ങി. തവളയെ കുളത്തിൽ തപ്പാൻ തുടങ്ങി. എന്നാൽ ഒരെണ്ണത്തിനെപ്പോലും പിടിക്കാൻ കഴിഞ്ഞില്ല. പാതിരാത്രിയായി. തവളയെ തേടിനടന്ന് ചായി അവശനായി. എങ്കിലും വിട്ടുകൊടുക്കാൻ തയ്യാറായില്ല. ഒടുവിൽ നേരം വെളുത്തപ്പോൾ രണ്ടെണ്ണത്തിനെ പിടികൂടാൻ കഴിഞ്ഞു. അയാൾ വീണ്ടും കുളത്തിലൊക്കെ തപ്പി. ഈ രണ്ട് തവളകളല്ലാതെ മറ്റൊരെണ്ണത്തിനെപ്പോലും കണ്ടെത്താനായില്ല. നിരാശനായ ചായി രണ്ട് തവളകളുമായി റസ്റ്റോറന്റിലെത്തി.

"സാർ, ക്ഷമിക്കണം. ഞാൻ പറഞ്ഞത്രയും തവളകൾ കുളത്തിലുണ്ടായിരുന്നില്ല. രാത്രിമുഴുവൻ തപ്പിയിട്ടും രണ്ടെണ്ണത്തിനെയേ കിട്ടിയുള്ളൂ. പക്ഷേ, ഇവയുടെ ശബ്ദം കേട്ടപ്പോൾ ഞാൻ കരുതി കുളം നിറയെ തവളകളായിരിക്കുമെന്ന്" ചായി പറഞ്ഞതുകേട്ട് മാനേജർ ചിരിച്ചു.

ചായി തവളകളെക്കുറിച്ച് കരുതിയിരുന്നപോലെ നമ്മുടെ ജീവിതത്തിലും ചിലപ്പോൾ സംഭവിക്കാറുണ്ട്. ആരെങ്കിലും രണ്ടുപേർ നമ്മളെ വിമർശിക്കുകയോ കളിയാക്കുകയോ ചെയ്താൽ ഈ ലോകത്തുള്ളവരെല്ലാം നമ്മളെ കളിയാക്കിയതുപോലെ തോന്നും.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അതിനെക്കുറിച്ച് ചിന്തിച്ച് കിടന്നാലോ? കുളത്തിലെ തവളകളുടെ കരച്ചിൽപോലെ പെരുകിപ്പെരുകി വരുന്നതുപോലെ തോന്നും.



എന്നാൽ പിറ്റേന്ന് ഉറക്കമുണരുമ്പോഴാണറിയുന്നത് വെറും രണ്ട് തവളകളുടെ കരച്ചിൽപോലെ അതൊരു നിസ്സാര പ്രശ്നമായിരുന്നു എന്ന്.



# വാണിജ്യവത്ക്കരിക്കപ്പെട്ട വിശ്വാസം



ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

ദൈവത്തോടുള്ള സ്നേഹത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവരാത്ത ഒരു കേവല വിശ്വാസമാണ് ഇന്നു വ്യാപകമായി പ്രഘോഷിക്കപ്പെടുന്നത്. 'ഹൃദയ ഐക്യം ഇല്ലാത്ത വിശ്വാസം വിശ്വാസമല്ല'. ദൈവത്തോടുള്ള സ്നേഹത്തെക്കാൾ ദൈവത്തിലുള്ള വിശ്വാസത്തിന് എന്തുകൊണ്ടാണിന്നു പ്രാധാന്യം ലഭിച്ചിരിക്കുന്നത്? സ്നേഹം അടിസ്ഥാനപരമായി ത്യാഗമാണ്. അതുകൊണ്ടുതന്നെ ഇന്നത്തെ വാണിജ്യവല്ക്കരിക്കപ്പെട്ടിരിക്കുന്ന സമൂഹം അങ്ങോട്ടു നൽകുന്ന സ്നേഹത്തെക്കാൾ ഇങ്ങോട്ടു വാങ്ങുന്ന വിശ്വാസത്തിൽ അഭിരമിക്കുന്നു.



യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാകാലത്ത് തന്നെ അന്വേഷിച്ചെത്തിയ ഒരു വലിയ പുരുഷാരത്തോട് അവിടുന്ന് ഇങ്ങനെ പറഞ്ഞു: "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല അപ്പം തിന്നു തൃപ്തരായതുകൊണ്ട് എന്നെ അന്വേഷിക്കുന്നത്" (യോഹന്നാൻ 6:26). ആ പുരുഷാരം യേശുവിനെ പിടിച്ചു രാജാവാക്കുവാൻ ശ്രമിച്ചവരാണ് (6: 15). യേശുവിനെ കാണാഞ്ഞ് തെരഞ്ഞ് കടലിനക്കരെവരെപോയി തന്നെ കണ്ടെത്തിയവരുമാണ് (6:24). എന്നാൽ ഇതൊന്നും യേശുവിനോടുള്ള 'സ്നേഹം'കൊണ്ടായിരുന്നില്ല. ഭൗതിക ആവശ്യങ്ങളിൽ തുടർന്നും തങ്ങളെ സഹായിപ്പാൻ കഴിവുള്ളവനാണ് യേശു എന്ന 'വിശ്വാസ'മായിരുന്നു പ്രേരക ഘടകം. വാസ്തവത്തിൽ അന്ന് 'അടയാളം' യേശുതന്നെയായിരുന്നു (ലൂക്കോസ് 2:34) ആ അടയാളം (യേശുവിനെ) കണ്ടതുകൊണ്ടല്ല മറിച്ച് തങ്ങളുടെ ആവശ്യങ്ങൾ നിറവേറിയതുകൊണ്ടാണ് (അപ്പം തിന്നതുകൊണ്ട്) അവർ കർത്താവിനെ അന്വേഷിച്ചത്.

അവരോട് യേശു പച്ചയായി ഈ കാര്യം പറഞ്ഞപ്പോൾ അവിടുന്ന് എന്താണ് അർത്ഥമാക്കിയത്? അവിടുന്നു ഭംഗ്യന്തരേണ പറഞ്ഞത് ഇതാണ്; "നിങ്ങൾ എന്നെക്കാളേറെ ഇഷ്ടപ്പെടുന്നത്, അന്വേഷിക്കുന്നത്, ഞാൻ ചെയ്യുന്ന അത്ഭുതങ്ങളെയാണല്ലോ. ദാതാവിനെക്കാളേറെ ദാനത്തെ നിങ്ങൾ സ്നേഹിക്കുന്നു. അപ്പം തിന്നു തൃപ്തരായി നിങ്ങൾ ആ അത്ഭുതം ചെയ്ത എന്റെ മനസ്സലിവും ആർദ്രതയും മനസ്സിലാക്കി എന്നിലേക്കു തന്നെ വരണമെന്നായിരുന്നു എന്റെ ആഗ്രഹം. കുഞ്ഞുങ്ങളേ, നിങ്ങൾക്ക് അത്ഭുതങ്ങളെക്കാൾ പ്രധാനം അവയ്ക്കു പിന്നിലെ വ്യക്തിയായിരുന്നെങ്കിൽ...."

ഇന്നും കാര്യങ്ങൾ വ്യത്യസ്തമല്ല. യേശുവിനെ ഇന്നും ഒരു വലിയ പുരുഷാരം അന്വേഷിക്കുന്നുണ്ട്. എന്നാൽ എന്തിനുവേണ്ടിയാണ് അവർ യേശുവിനെ തെരയുന്നത്. യേശുവിനോടുള്ള നിഷ്കളങ്കമായ സ്നേഹമാണോ ആ അന്വേഷണത്തിനു പിന്നിലുള്ള ചേതോവികാരം? അതോ അത്ഭുതങ്ങൾക്കും വിടുതലുകൾക്കും വേണ്ടിയുള്ള വാഞ്ഛയാണോ? അപ്പം തിന്നു തൃപ്തരായതുകൊണ്ട് യേശുവിനെ അന്വേഷിച്ച പുരുഷാരത്തെപ്പോലെ ഇന്നത്തെ 'വിശ്വാസി'യും ദാതാവിനെക്കാൾ ദാനത്തെയാണോ ഇഷ്ടപ്പെടുന്നത്? ഒരുപക്ഷേ പുരുഷാരത്തോടു മനസ്സലിഞ്ഞ് യേശു ഇന്നും അത്ഭുതങ്ങൾ പ്രവർത്തിച്ചേക്കാം. എന്നാൽ അവിടുത്തെ ഹൃദയം ഇന്നും തേങ്ങുന്നതു കാര്യസാധ്യത്തിന് അപ്പുറത്ത് തന്നെ സ്നേഹിക്കുന്ന യഥാർത്ഥ വിശ്വാസികൾക്കായല്ലേ?

'വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ വിശ്വാസം ഏതുവിധത്തിലുള്ളതായിരുന്നു? അബ്രഹാമിന്റെ വിശ്വാസത്തെ അംഗീകരിച്ച് ദൈവം യിസ്ഹാക്കിനെ നൽകി. എന്നാൽ 'നിന്റെ മകനെ, നീ സ്നേഹിക്കുന്ന ഏകജാതനെ' തന്നെ യാഗം അർപ്പിക്കണമെന്നു ദൈവം ആവശ്യപ്പെട്ടപ്പോൾ അബ്രഹാം ദാതാവിനെക്കാൾ ദാനത്തെ വിലമതിച്ചില്ല. തന്റെ മകനെ, താൻ സ്നേഹിക്കുന്ന തന്റെ ഏകജാതനെ തന്നെ യാഗം അർപ്പിച്ച് തന്റെ ആദ്യസ്നേഹം ദൈവത്തോടുതന്നെയാണെന്ന് അബ്രഹാം കാണിച്ചുകൊടുത്തു. ഉവ്വ്, ദൈവത്തോടുള്ള അടുപ്പവും ഹൃദയഐക്യവുമായിരുന്നു അബ്രഹാമിന്റെ വിശ്വാസത്തിന് ഊടും പാവും പാകിയത്.

ആഴത്തിൽ അപഗ്രഥിച്ചാൽ വിശ്വാസം ആശ്രയമാണ്. പരിപൂർണ്ണ വിധേയത്വം. ഒരു കുഞ്ഞ് അമ്മയുടെ തോളിൽ സമ്പൂർണ്ണാശ്രയത്വത്തോടെ ചാരിക്കിടന്നു വിശ്രമിക്കുന്ന ശാന്തതയാണത്. വിശ്വാസം അതാണെങ്കിൽ സ്നേഹത്തിൽ അധിഷ്ഠിതമല്ലാത്ത വിശ്വാസം യഥാർത്ഥ വിശ്വാസമാകുന്നതെങ്ങനെ?

സ്നേഹത്തിൽ ഊന്നി നിൽക്കുന്നതുകൊണ്ടാണ് യഥാർത്ഥ വിശ്വാസത്തിനു കൊടുങ്കാറ്റുകളെ അതിജീവിക്കാൻ കഴിയുന്നത്. വിശ്വാസത്തിന്റെ അധ്യായമായ എബ്രായർ 11-ൽ യഥാർത്ഥ വിശ്വാസം തീയുടെ ബലം കെടുത്തുന്നതും വാളിന്റെ വായ്ത്തലയ്ക്ക് തെറ്റുന്നതുമാണെന്നു വിവരിച്ചിരിക്കുന്നു. അക്ഷരാർത്ഥത്തിലുള്ള തീയും വാളും ഇന്നു നമ്മുടെ വിശ്വാസത്തിനു ഭീഷണിയില്ലാതിരിക്കുമ്പോൾ സമകാലിക സമൂഹത്തിൽ ഇതിന്റെ പ്രസക്തി എന്താണ്? അഗ്നിശോധനയുടെ തീച്ചൂളയിലൂടെ നാം കടന്നുപോകുമ്പോൾ തീയുടെ ബലം അനുഭവപ്പെടാതിരിക്കണമെങ്കിൽ നമ്മുടെ വിശ്വാസം ദൈവത്തോടുള്ള സ്നേഹത്തിൽ സ്ഫുടം ചെയ്തതായിരിക്കണമെന്നു സാരം. അത്തരം വിശ്വാസം തീയിൽ കുരുത്തതാണ് അതു ശോധനയുടെ വെയിലിൽ വാടുകയില്ല. അതുപോലെ നാവ് 'മൂർച്ചയുള്ള വാളും' വാക്കുകൾ 'ഊരിയ വാളുകളും' ആയിരിക്കുന്നവർ ഉണ്ട് (സങ്കീ. 57:4; 55:21). ഇവിടെയും ദൈവത്തോടുള്ള സ്നേഹത്തിൽ മറഞ്ഞിരിക്കുന്ന വിശ്വാസത്തിന് മാത്രമേ കുറ്റാരോപണങ്ങളുടെ വാൾത്തലയ്ക്കു തെറ്റുവാൻ (അതിനു മുൻപിൽ സംയമനം പാലിക്കുവാൻ) കഴിയൂ.

റോമർ അഞ്ചാം അധ്യായവും വിശ്വാസത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. കഷ്ടങ്ങളിലും പ്രശംസിക്കുന്ന വിശ്വാസത്തെക്കുറിച്ചു തുടർന്നു പറയുന്ന ആ ഭാഗം അവസാനിക്കുന്നത് ഇങ്ങനെ: "അതുകൊണ്ട് പരിശുദ്ധാത്മാവിനാൽ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു." പരിശുദ്ധാത്മാവിനാൽ ഹൃദയങ്ങളിൽ പകരുന്ന സ്നേഹം; അതിൽ നിന്ന് ഉരുവാകുന്ന വിശ്വാസം-ഇതുമാത്രമാണ് യഥാർത്ഥ വിശ്വാസം. സ്നേഹത്താൽ ഉരുവാകുന്ന 'വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതെല്ലാം പാപമാണെ'ന്നു റോമർ 14:23 പറയുന്നു.



# ലോകത്തിൽ ക്രിസ്തുവിനോടുകൂടെ



ദൈവിക സൃഷ്ടിയിലേക്കു തിന്മ കടന്നുവരുവാൻ ആദാം വാതിൽ തുറന്നുകൊടുത്ത ആ ദിവസം മുതൽ ഈ ലോകവ്യവസ്ഥ ദൈവത്തോടു ശത്രുത്വമുള്ള ഒന്നായിത്തീർന്നു. ഇന്നു 'ലോകം' എന്ന പേരിൽ ബൈബിൾ വിളിക്കുന്ന ഒരു വ്യവസ്ഥാപിത സമ്പ്രദായം നിലവിലുണ്ട്. തിരശ്ശീലയ്ക്കു പിന്നിൽ നിന്നുകൊണ്ട് ഈ സമ്പ്രദായത്തെ നിയന്ത്രിക്കുന്നതു സാത്താനാണ്. "സകലലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു (1 യോഹ. 5:9).



1 പത്രോസ് 3:3-ൽ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിക്കുന്നതിനെപ്പറ്റി ഉപയോഗിച്ചിട്ടുള്ള അലങ്കാരം എന്ന പദം ഗ്രീക്കിലെ കോസ്മോസ് എന്ന പദത്തിന്റെ വിവർത്തനമാണ്. പുതിയനിയമത്തിലെ ശേഷമുള്ള 187 പ്രാവശ്യവും ഈ പദത്തെ 'ലോകം' എന്നുതന്നെയാണ് തർജ്ജമ ചെയ്തിട്ടുള്ളത്. ഇവിടെ പത്രോസ് അപ്പോസ്തലൻ ഉദ്ദേശിച്ചിട്ടുള്ള അർത്ഥം ഇതാണ്: വസ്ത്രം, ആഭരണം, അണിഞ്ഞൊരുങ്ങൽ എന്നിവയുടെയെല്ലാം പശ്ചാത്തലത്തിലായി തന്റെ തന്നെ ലക്ഷ്യം സാധിക്കുവാൻ പ്രവർത്തിക്കുന്ന ഒരു ശക്തിയുണ്ട്. ആ ശക്തിയുടെ പിടിയിൽ നിങ്ങൾ അകപ്പെട്ടുപോകരുത്."

ആഭരണമണിയുക എന്നതുപോലയുള്ള കാര്യങ്ങളിൽ നമ്മെ പ്രേരിപ്പിക്കുന്ന ലക്ഷ്യം എന്താണ്? ജഡികമായ ഉദ്ദേശ്യമൊന്നും കൂടാതെ നിഷ്കളങ്കമായ ഒന്നായിരിക്കാം അത്. ചന്തം, ക്രമം, പരസ്പരാനുയോജ്യത (matching) എന്നിവയെല്ലാം ചേർന്ന് ഒരാകർഷത്വവും വശ്യതയും വരുത്തുക എന്നതാവാം അതിന്റെ ലക്ഷ്യം. ഇതിന് അടിസ്ഥാനമായി ഒരു തിന്മയും ഇല്ലെന്നു വരാം. എന്നാൽ ദൃശ്യമായ കാര്യങ്ങൾക്കു പിമ്പിലായി ദൈവത്തിന്റെ ശത്രുവായ സാത്താനാൽ നിയന്ത്രിക്കപ്പെടുന്ന ഒരു വ്യവസ്ഥയെ സ്പർശിക്കുകയാണ് ഇവിടെ നാം ചെയ്യുന്നത്. അതിനാൽ ജാഗ്രത!

ഈ ലോകത്തിലെ കാര്യങ്ങൾ വർജ്ജിക്കുന്നതിലൂടെ ലോകത്തിൽ നിന്നു രക്ഷപെടാമെന്നു ചിന്തിക്കുന്നത് ഭോഷത്തമാണ്. ചിലയാളുകൾ സന്യാസചര്യയിലൂടെ ലോകത്തിൽനിന്നു വിടുതൽ നേടുവാൻ ശ്രമിക്കുന്നു. യോഹന്നാൻ സ്നാപകനെപ്പോലെ അവർ "തിന്നാതെയും കുടിക്കാതെയും" ജീവിക്കുന്നു (മത്തായി 11:8). ഇതു ക്രിസ്തുമാർഗ്ഗമല്ല, ബുദ്ധമതമാണ്.

"നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ മാനുഷ കല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി 'പിടിക്കരുത്, രുചിക്കരുത്, തൊടരുത്' എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നതെന്ത്?" (കൊലൊ. 2:20,21).

ലോകത്തിലുള്ള എന്തെങ്കിലും നാം വെടിയുന്നതിലൂടെയല്ല, ദൈവത്തിന്റെ തായ ദൃഷ്ടിയിലൂടെ ഈ ലോകം മരണവിധിക്കു കീഴിലാണെന്നു കാണുന്നതിലൂടെയാണ് നമ്മുടെ വിടുതൽ ആരംഭിക്കുന്നത്.

ദൈവത്തിൽ നിന്നുള്ള ഓരോ വിളിയും ലോകത്തെ വിട്ടു പുറത്തേക്കു പോരുവാനുള്ള ഒരു വിളിയാണ്. നിങ്ങൾ വിളിക്കപ്പെട്ട ഒരുവനോ? എങ്കിൽ നിങ്ങൾ ലോകത്തിൽനിന്ന് വിട്ടുപോരുവാനുള്ള വിളിയുള്ളവൻ തന്നെ. ക്രിസ്തു സമ്പൂർണ്ണമായും ലോകത്തിനു പുറത്തായിരിക്കുന്നതുപോലെ നാമും തികച്ചും ലോകത്തിൽനിന്നു പുറത്തുവന്നവരാണ്. ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവിലൂടെ നമുക്കു ലഭിച്ചിട്ടുള്ള സ്വഭാവം ലോകസ്വഭാവത്തിൽനിന്നും തികച്ചും വിഭിന്നമായ ഒന്നാണ്. ഈ വ്യത്യാസം ലോകത്തിനു നമ്മെ സ്നേഹിക്കുവാൻ കഴിയാത്തവിധം നമ്മെ അതിൽനിന്നു വ്യത്യസ്തമാക്കിത്തീർക്കുന്നു. യേശു പറഞ്ഞു: "നിങ്ങൾ ലോകക്കാർ ആയിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു" (യോഹ.15:19).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ



തുടർച്ച

**2:7,** ചെവിയുള്ളവൻ കേൾക്കട്ടെ എന്ന ആഹ്വാനം ഏഴു ലേഖനങ്ങളുടെയും അവസാനം ആവർത്തിക്കുന്നു. ഹൃദയം തുറന്നു വചനം ശ്രവിക്കുന്നതിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയാൻ ഈ പദപ്രയോഗം യേശു അനേകം തവണ ആവർത്തിച്ചിട്ടുണ്ട് (മത്താ.11:15; 13:9). സഭകളോടു സംസാരിക്കുന്ന ആത്മാവ് ഉത്ഥിതനായ യേശുവിന്റെ ആത്മാവാണ് (അ.പ്ര.16:7). പരിശുദ്ധാത്മാവ് സംസാരിക്കുന്നത് യേശുവിന്റെതന്നെ വാക്കുകളാണ് (യോഹ.16:13-15). യേശുക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽ മരണംവരെ ഉറച്ചുനിൽക്കുന്നവരാണ് വിജയം വരിക്കുന്നവർ. അവർക്കു സമ്മാനമായി ജീവന്റെ വൃക്ഷത്തിന്റെ ഫലം വാഗ്ദാനം ചെയ്യുന്നു. ഈ വാഗ്ദാനം പൂർത്തിയാവുന്നത് വെളി.22:2-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാപിയായ മനുഷ്യനു നിഷേധിക്കപ്പെട്ട ഈ ഫലം (ഉല്പ.3:22-24) യേശുക്രിസ്തുവഴിയാണ് വീണ്ടും ലഭ്യമാകുന്നത്. യഹൂദ റബ്ബിമാർ നിയമത്തെ ജീവന്റെ വൃക്ഷമായി കണ്ടു. പുതിയനിയമത്തിലാകട്ടെ യേശുതന്നെയാണ് ജീവന്റെ വൃക്ഷം. നിത്യജീവൻ പ്രദാനം ചെയ്യുന്നവൻ എന്നാണിതിനർത്ഥം. ഉദ്യാനം എന്നാണ് പറുദീസാ എന്ന പേർഷ്യൻ വാക്കിന്റെ മൂലാർത്ഥം. ഉല്പത്തി പുസ്തകത്തിൽ (ഉല്പ.3:8) ദൈവം മനുഷ്യനോടൊത്ത് നടക്കാൻ വരുന്ന തോട്ടമാണത്. പാപം വഴി മനുഷ്യനു നഷ്ടപ്പെട്ട പറുദീസാ യേശുക്രിസ്തുവഴി വീണ്ടും ലഭ്യമാകുന്നു. ദൈവിക സാന്നിദ്ധ്യത്തിൽ നിന്നു സംജാതമാകുന്ന അനന്തമായ സന്തോഷത്തിന്റെ അവസ്ഥയാണ് പറുദീസാ.

**വിചിന്തനം:** സ്വർഗ്ഗാരോഹണം വഴി യേശു നമ്മിൽ നിന്നകന്നുപോവുകയല്ല, അദൃശ്യമായ രീതിയിൽ നമ്മുടെ മധ്യേ പ്രത്യേകവിധത്തിൽ സന്നിഹിതനാവുകയാണ് ചെയ്തത്. അവൻ നമ്മെ കാണുന്നു; പൂർണമായി അറിയുന്നു. പീഡനങ്ങൾ സഹിച്ചു വിശ്വാസം കാത്തുസൂക്ഷിക്കുമ്പോഴും സ്നേഹം നഷ്ടപ്പെടുത്തരുത്. പീഡനങ്ങൾ ഒഴിവാക്കാനാ, ഭൗതികനേട്ടങ്ങൾക്കു വേണ്ടിയോ വിശ്വാസജീവിതത്തിൽ മായം ചേർക്കരുത്; തിന്മയുമായി ഒത്തുതീർപ്പുണ്ടാക്കരുത്. സ്നേഹത്തിൽ മാന്ദ്യമോ വിശ്വാസത്തിൽ വീഴ്ചകളോ സംഭവിച്ചിട്ടുണ്ടെങ്കിൽ അനുതപിച്ച് തിരിച്ചുവരണം.

**വെളിപ്പാട് 2:8-11, സ്മിർണായിലെ സഭയ്ക്ക്** എഫേസോസിൽ നിന്ന് ഏകദേശം 50 കിലോമീറ്റർ വടക്ക്, ഏജിയൻ കടൽത്തീരത്തുള്ള മനോഹരമായൊരു തുറമുഖ നഗരമാണ് സ്മിർണാ.(വാ. 8). ഇന്ന് ഇസ്മിർ എന്നറിയപ്പെടുന്ന ഈ നഗരം ടർക്കിയിലെ ഏറ്റം പ്രധാനപ്പെട്ട വ്യാപാരകേന്ദ്രങ്ങളിലൊന്നാണ്. ഈ നഗരത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടതാണ് ക്രിസ്തുവിനു നല്കിയിരിക്കുന്ന വിശേഷണങ്ങളും ക്രിസ്തു നല്കുന്ന വാഗ്ദാനവും. ബി.സി. ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ലീദിയായുടെ രാജാവായ അല്യാറ്റെസ് (Alytes) ഈ പട്ടണം ആക്രമിച്ചു നശിപ്പിച്ചു. തുടർന്നു മൂന്നു നൂറ്റാണ്ടിലേറെ ചെറിയ ഒരു പട്ടണമായി കഴിഞ്ഞ സ്മിർണായെ അതിമനോഹരമായൊരു വൻ നഗരമായി പണിതുയർത്തിയത് അലക്സാണ്ടറിന്റെ സേനാധിപന്മാരിലൊരാളായ ലിസിമാക്കസ് ആണ്. ഇതു നഗരത്തിന്റെ പുനർജന്മമായി പരിഗണിക്കപ്പെട്ടു. ഏഷ്യയുടെ കിരീടവും ആഭരണവുമായിട്ടാണ് ചരിത്രകാരന്മാർ ഈ നഗരത്തെ വിശേഷിപ്പിക്കുന്നത്. സുപ്രസിദ്ധ ഗ്രീക്ക് ഇതിഹാസ കർത്താവായ ഹോമറിന്റെ ജന്മസ്ഥലമാണ് സ്മിർണാ എന്നു കരുതപ്പെടുന്നു.

റോമാസാമ്രാജ്യത്തോടുള്ള അചഞ്ചലമായ വിശ്വസ്തതയായിരുന്നു സ്മിർണായുടെ മറ്റൊരു പ്രത്യേകത. ഏഷ്യയിൽ ആദ്യമായി റോമാ ദേവതയ്ക്കുവേണ്ടി ഒരു ക്ഷേത്രം നിർമ്മിച്ചത് സ്മിർണായിലാണ്. അത് ബി.സി. 195-ൽ ആയിരുന്നു. തുടർന്നുണ്ടായ ചരിത്രത്തിന്റെ ഗതിവിഗതികളിലെല്ലാം സ്മിർണാ റോമിനോടു കൂറു പുലർത്തി. തദ്ഫലമായി റോമാസാമ്രാജ്യത്തിന്റെ പ്രത്യേക പരിഗണനയും ആനുകൂല്യങ്ങളും ഈ പട്ടണത്തിനു ലഭിച്ചിരുന്നു. ഏ.ഡി. 26-ൽ ടൈബീരിയസ് ചക്രവർത്തിയുടെ ബഹുമാനാർത്ഥം ഏഷ്യാമൈനറിൽ ഒരു ക്ഷേത്രം പണിയാൻ നിശ്ചയിച്ചപ്പോൾ ആ ബഹുമതിയ്ക്കായി അപേക്ഷിച്ച പതിനൊന്നു നഗരങ്ങളിൽ നിന്ന് സ്മിർണായെയാണ് റോമൻ സെനറ്റ് തിരഞ്ഞെടുത്തത്.

എഫേസോസിലെ വാസത്തിനിടയിൽ വി.പൗലോസ് നേരിട്ടോ ശിഷ്യന്മാർ വഴിയോ ആയിരിക്കണം സ്മിർണായിൽ സഭ സ്ഥാപിച്ചത് എന്നു കരുതപ്പെടുന്നു. യോഹന്നാന്റെ ശിഷ്യനായിരുന്ന പോളികാർപ്പ് സ്മിർണായിലെ സഭാ അദ്ധ്യക്ഷനായിരുന്നു എന്ന് കരുതപ്പെടുന്നു. ഏ.ഡി. 156-ൽ സ്മിർണാ നഗരവാസികൾ അദ്ദേഹത്തെ തൂണിൽ കെട്ടി ചുട്ടുകൊന്നു. പോളിക്കാർപ്പിനെതിരേ ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ മാത്രമല്ല, സാബത്തായിരുന്നിട്ടുപോലും തീ കത്തിക്കാനായി വിറകു പെറുക്കികൂട്ടുന്നതിലും സ്മിർണായിലെ യഹൂദർ മുൻപന്തിയിലുണ്ടായിരുന്നു. ക്രിസ്ത്യാനികളോട് യഹൂദർക്കുണ്ടായിരുന്ന വിദ്വേഷത്തിന്റെ പ്രത്യക്ഷോദാഹരണമാണിത്. ഈ വിഷയം സ്മിർണായിലെ സഭയ്ക്കുള്ള ലേഖനത്തിൽ പ്രകടമാകുന്നുണ്ട്. ക്രിസ്തുവിന്റെ രണ്ടു വിശേഷണങ്ങൾ സ്മിർണാ നഗരത്തിന്റെ പ്രത്യേകതകളെ സൂചിപ്പിക്കുന്നതാണ്. ആദ്യനും അന്ത്യനുമായവൻ ഏഷ്യയിലെ പ്രമുഖ സ്ഥാനത്തേക്കു കുതിക്കുന്ന നഗരത്തിലേക്ക് തന്റെ സന്ദേശം അയയ്ക്കുന്നു. അന്താരാഷ്ട്രതലത്തിലുള്ള പ്രാമുഖ്യമല്ല ദൈവതിരുമുമ്പിലെ പ്രാമുഖ്യമാണ് പ്രധാനം. ഒന്നാമൻ ക്രിസ്തുതന്നെയാണ്. മരിച്ചവനും എന്നാൽ വീണ്ടും ജീവിക്കുന്നവനും എന്ന വിശേഷണം ഒരിക്കൽ നശിപ്പിക്കപ്പെടുകയും നൂറ്റാണ്ടുകൾക്കുശേഷം പുനർനിർമ്മിക്കപ്പെടുകയും ചെയ്ത സ്മിർണായുടെ ചരിത്രപശ്ചാത്തലത്തിലൂടെ യേശുവിന്റെ ഉയിർപ്പിന്റെ പ്രാധാന്യം ഉയർത്തിക്കാണിക്കുന്നു. തനിക്കുവേണ്ടി ജീവൻ ത്യജിക്കുന്നവർക്കു നിത്യജീവൻ നല്കാൻ കഴിവുള്ളവനാണ് ക്രിസ്തു എന്ന് ഈ വിശേഷണം അനുസ്മരിപ്പിക്കുന്നു.

**2:9,** സ്മിർണായിലെ സഭയെക്കുറിച്ചു നല്ലതുമാത്രമേ നാഥനു പറയാനുള്ളൂ. സാമ്രാജ്യശക്തിയുടെ പ്രീതിപത്രവും അതീവ സമ്പന്നവുമായ നഗരത്തിലെ ക്രിസ്ത്യാനികൾ ഏറെ ഞെരുക്കവും ദാരിദ്ര്യവും അനുഭവിക്കുന്നവരായിരുന്നു. അവരുടെ വിശ്വാസം തന്നെയാണ് ഈ അവസ്ഥയ്ക്കു കാരണമായത്. പലപ്പോഴും അപ്രതീക്ഷിതമായിട്ടായിരുന്നു ക്രിസ്ത്യാനികൾക്കെതിരേ ജനരോഷം ആളിക്കത്തിയത്. അപ്പോൾ ക്രിസ്ത്യാനികളുടെ വസ്തുവകകൾ കൊള്ളയടിക്കും, വീടുകളും കടകളും ചുട്ടെരിക്കും; ക്രിസ്ത്യാനികളെ പിടിച്ച് തടവിലാക്കുകയും വധിക്കുകയും ചെയ്യും. തികഞ്ഞ അരക്ഷിതാവസ്ഥയും ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വവും ക്രിസ്ത്യാനികളുടെ സന്തതസഹചാരികളായിരുന്നു. ഞെരുക്കവും ദാരിദ്ര്യവും അവർക്ക് എന്നും അനുഭവിക്കേണ്ടിവന്നു. ഇതെല്ലാം ക്രിസ്തുനാഥൻ അറിയുകയും കണക്കിലെടുക്കുകയും ചെയ്തതായി നാം കാണുന്നു.

(തുടരും)



# വെളിപ്പാടിന്റെ ചരിത്രം

തുടർച്ച



അധികാരം ദൈവദത്തമാണെന്നും അതിനാൽ അധികാര സംവിധാനത്തെ എതിർക്കുന്നവർ ദൈവത്തെയാണ് എതിർക്കുന്നതെന്നും നന്മ ചെയ്യുന്നവർ അധികാരികളെ ഭയപ്പെടേണ്ടതില്ല എന്നും വി. പൗലോസ് പഠിപ്പിച്ചു (റോമ 13:1-7). അവർ നികുതി കൊടുക്കണം; എല്ലാ വിധത്തിലും അനുസരണയുള്ള പൗരന്മാരായി ജീവിക്കണം; രാജാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കണം (1 തിമോ.2:1-3; തീത്തോ.3:1). കർത്താവിനെ പ്രതി അവർ എല്ലാ രാഷ്ട്രീയാധികാരികൾക്കും വിധേയരായിരിക്കണം. (1 പത്രോ.2:13-14). തിന്മ ചെയ്യുന്നവനെതിരേ ദൈവത്തിന്റെ ക്രോധം നടപ്പാക്കുന്ന ദൈവശുശ്രൂഷകനാണ് അധികാരി. ദൈവത്തിന്റെ ശിക്ഷാവിധി നടപ്പാക്കാൻ വേണ്ടിയാണ് അവൻ വാൾ ധരിച്ചിരിക്കുന്നത് (റോമാ 13:4).

ഇതിൽ നിന്നു തികച്ചും വ്യത്യസ്തമായൊരു സമീപനമാണ് വെളിപാടുപുസ്തകത്തിൽ കാണുന്നത്. സാമ്രാജ്യ ശക്തിയായ രാജാവ് ദൈവത്തിന്റെ ശുശ്രൂഷകനല്ല. വിശുദ്ധരുടേയും യേശുവിന്റെ സാക്ഷികളുടെയും രക്തം കുടിച്ച് ഉന്മത്തയായ മഹാവേശ്യയാണ് (വെളി. 17:6). ബഹുമാനവും വിധേയത്വവുമല്ല, വിട്ടുവീഴ്ചയില്ലാത്ത എതിർപ്പും സമൂല തിരസ്കരണവുമാണ് യോഹന്നാൻ വിശ്വാസികളിൽ നിന്നും ആവശ്യപ്പെടുന്നത്. ഇതുവരെ അനുവർത്തിച്ചുപോന്നതിനു കടകവിരുദ്ധമായ ഈ സമീപനത്തിന്റെ കാരണം എന്താണ്?

വസ്തുതകൾ ഒന്നൊന്നായി നമുക്ക് പരിശോധിക്കാം

ഏ.ഡി. 64, ജൂലായ് 18-ാം തീയതി അർദ്ധരാത്രിയോടടുത്ത് ടൈബർ നദിയുടെ തീരത്തുള്ള ചേരിപ്രദേശത്ത് അഗ്നിബാധയുണ്ടായി. വളരെ വേഗം റോമാപ്പട്ടണത്തിന്റെ മിക്ക ഭാഗങ്ങളിലേക്കും അതു കത്തിപ്പടർന്നു. ആറുദിനരാത്രങ്ങൾ നീണ്ടുനിന്ന അഗ്നിയുടെ സംഹാരതാണ്ഡവത്തിൽ റോമാപ്പട്ടണത്തിന്റെ മുക്കാൽ ഭാഗവും കത്തിച്ചാമ്പലായി. പാവപ്പെട്ടവരുടെ ചേരികളും പ്രഭുക്കന്മാരുടെ മാളികകളും മാത്രമല്ല, റോമാക്കാർ ഏറെ വിലമതിച്ചിരുന്ന പുരാതന ക്ഷേത്രങ്ങളും അമൂല്യമായ ശില്പകലാനിക്ഷേപങ്ങളും എല്ലാം ചാരക്കൂനയായിത്തീർന്നു. ആരാണീ ഭീകരനാശത്തിനുത്തരവാദി? ഭ്രാന്തനായ നീറോ ചക്രവർത്തി തന്നെയാണ് നഗരത്തിന് തീ കൊളുത്തിയതെന്ന് പലരും അടക്കം പറഞ്ഞു. റോമിനെ നശിപ്പിച്ച തീപോല ഈ വാർത്തയും അതിവേഗം പ്രചരിച്ചു. സ്വന്തം ജീവൻ അപകടത്തിലാണെന്നു മനസ്സിലാക്കിയ നീറോ എളുപ്പമൊരു ബലിയാടിനെ കണ്ടുപിടിച്ചു, ക്രിസ്ത്യാനികൾ.

പല കാരണങ്ങളാലും റോമിൽ നോട്ടപ്പുള്ളികളായിത്തീർന്ന ഒരു ജനസമൂഹമായിരുന്നു ക്രിസ്ത്യാനികൾ. അധികപങ്കും അടിമകളും ദരിദ്രരുമായിരുന്നു. ചുരുക്കം ചില പ്രഭു കുടുംബങ്ങളിലെ അംഗങ്ങളും അവരുടെ അണികളിൽ ഉണ്ടായിരുന്നു. ജനജീവിതത്തിന്റെ പൊതുസരണികളിൽനിന്ന് അവർ മാറിനിന്നു. റോമാക്കാർ വിലമതിച്ചതിനെയൊന്നും വിലപ്പെട്ടതായി അവർ കരുതിയില്ല. റോമാക്കാരുടെ ക്ഷേത്രങ്ങളിൽ പോയില്ല. ദേവന്മാരെ ആരാധിച്ചുമില്ല. വിരുന്നുകളിലും വിനോദങ്ങളിലും പങ്കെടുത്തില്ല. കാരണം, റോമാക്കാരുടെ വിരുന്നുകൾ മദിരോത്സവങ്ങളിലും വിനോദങ്ങളിലും ക്രൂരമായ മനുഷ്യക്കുരുതികളിലുമാണ് കലാശിച്ചിരുന്നത്. വിഗ്രഹങ്ങൾക്ക് അർപ്പിച്ച മാംസം ക്രിസ്ത്യാനികൾ കടകളിൽ നിന്നു വാങ്ങിയില്ല. സ്വത്തും സുഖഭോഗങ്ങളും അവർ ആഗ്രഹിച്ചില്ല. പട്ടണത്തിനു പുറത്ത്, നദീതീരങ്ങളിലും ഭൂഗർഭാലയങ്ങളിലും രാത്രികാലങ്ങളിൽ അവർ സമ്മേളിക്കും. പ്രഭാതംവരെ റോമാക്കാർക്ക് അപരിചിതമായ ഒരു ദൈവത്തിന് സ്തോത്രങ്ങളാലപിക്കും. മത്സരത്തിനുപകരം സാഹോദര്യവും, ശത്രുതയ്ക്കു പകരം ക്ഷമിക്കുന്ന സ്നേഹവും, സമ്പത്തിനുപകരം ദാരിദ്ര്യവും; ആഡംബരങ്ങൾക്കു പകരം മിതത്വവും അവർ പാലിച്ചു.

പൊതുജനദൃഷ്ടിയിൽ ക്രിസ്ത്യാനികൾ വിഡ്ഢികളായിരുന്നു. റോമാക്കാരുടെ ദൈവങ്ങളെ ആരാധിക്കാത്തതിനാൽ നിരീശ്വരന്മാരും, അവരുടെ സമ്മേളനങ്ങളിൽ പങ്കെടുക്കാത്തതിനാൽ അപകടകാരികളും. ക്രിസ്ത്യാനികളുടെ രഹസ്യ സമ്മേളനങ്ങളെ സംശയദൃഷ്ടിയോടെയാണ് അവർ വീക്ഷിച്ചിരുന്നത്. വിശുദ്ധ തിരുവത്താഴത്തെക്കുറിച്ച് അനേകം കള്ളക്കഥകൾ പ്രചാരത്തിൽ വന്നു. സമ്മേളനമധ്യേ ഒരു ശിശുവിനെ മാവിൽ പൊതിഞ്ഞശേഷം അവരുടെ മൂപ്പൻ അതിന്റെ ഹൃദയം കുത്തിപ്പിളർക്കുമെന്നും എല്ലാവരും കൂടി കുഞ്ഞിന്റെ ശരീരം പച്ചയ്ക്കു തിന്നുമെന്നും ആയിരുന്നു ഒരു കഥ. അപ്പവും വീഞ്ഞും ഭക്ഷിക്കുന്നതിനെക്കുറിച്ച് അനേക കഥകൾ റോമാക്കാർ പറഞ്ഞുണ്ടാക്കി.

ഇപ്രകാരം പൊതുജനത്തിന്റെ അവജ്ഞയ്ക്കും വെറുപ്പിനും ഇരയായിത്തീർന്ന ക്രിസ്ത്യാനികളെയാണ് നീറോ റോമിലെ അഗ്നിബാധയ്ക്ക് ഉത്തരവാദികളായി മുദ്രകുത്തിയത്. ക്രിസ്ത്യാനികളെ തിരഞ്ഞു പിടിച്ച് നശിപ്പിക്കാൻ ചക്രവർത്തി കല്പനയിറക്കി. പൊതുജനം പടയാളികളെ സഹായിച്ചു. ജനത്തിന്റെ സകല ക്രൂരതയും ക്രിസ്ത്യാനികൾക്കെതിരെ അഴിച്ചുവിട്ടു. ഈ കാലത്താണ് അപ്പസ്തോലന്മാരായ പത്രോസും പൗലോസും കൊല്ലപ്പെട്ടത്. 68-ൽ നീറോ ആത്മഹത്യ ചെയ്യുന്നതുവരെ ഈ പീഡനം തുടർന്നു. ക്രിസ്ത്യാനിയായിരിക്കുക എന്നത് നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. പില്ക്കാലത്തെ മതമർദ്ദകരായ ചക്രവർത്തിമാർക്ക് നീറോയുടെ നിയമം ഒരു മാതൃകയും പ്രചോദനവുമായി. ക്രിസ്തുവിന്റെ സഭയെ സാമ്രാജ്യശക്തികൾ നിരന്തരമായി പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. സാമ്രാജ്യശക്തികൾ ദൈവവ്യവസ്ഥയ്ക്ക് എതിരായി നിലകൊണ്ടതുകൊണ്ടാണ് പൗലോസ് പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാട് വെളിപ്പാടിൽ കാണുന്നത്. (തുടരും)



# ഗലീലിയോയും ബൈബിളും



ഒരിക്കൽ ഗലീലിയോ ഗലീലി പറഞ്ഞു, "പ്രപഞ്ചം രചിക്കപ്പെട്ടിരിക്കുന്നത് ഗണിതവാക്കുകളിലാണ്". ഒരു ശാസ്ത്രകാരനെന്നോ, ഗണിതശാസ്ത്രജ്ഞനെന്നോ, ജ്യോതിശാസ്ത്രജ്ഞനെന്നോ ഒക്കെ വിളിക്കുമ്പോഴും ഗലീലിയോ ലോകത്തിന്റെ ശ്രദ്ധയാകർഷിച്ചത് യഥാർഥ പോരാളി എന്ന നിലയിൽ ആയിരുന്നു. താൻ മുന്നോട്ടുവച്ച ശാസ്ത്രതത്വത്തിൽ ഉറച്ചുനിന്നതിനാൽ വർഷങ്ങളോളം കൽത്തുറുങ്കിലും വീട്ടുതടങ്കലിലും കഴിയേണ്ടിവന്ന പ്രതിഭയായിരുന്നു ഗലീലിയോ ഗലീലി. പിൽക്കാലത്ത് ആധുനിക ശാസ്ത്രത്തിന്റെ പിതാവ് എന്ന് അദ്ദേഹം അറിയപ്പെട്ടു.

**മിത്രങ്ങളെക്കാളേറെ ശത്രുക്കൾ**

ജീവിതത്തിൽ ഗലീലിയോ സാധാരണ ശാസ്ത്രജ്ഞന്മാരെപ്പോലെ മിതഭാഷിയും, മറ്റുള്ളവരിൽ നിന്നും അകന്ന് തന്റേതായ ഒരു ലോകം ഉണ്ടാക്കി അതിൽ അഭിരമിക്കുന്ന ആളും ആയിരുന്നില്ല, അദ്ദേഹം ചുറ്റിനും കാണുന്നവയെക്കുറിച്ചും, കേൾക്കുന്നവയെക്കുറിച്ചുമൊക്കെ കൃത്യമായ നിലപാടുള്ളവനും, അപ്രിയമെങ്കിലും എന്തും തുറന്നുപറയുവാൻ മടിയില്ലാത്തയാളും ആയിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് മിത്രങ്ങളേക്കാൾ ഏറെ ശത്രുക്കൾ ആയിരുന്നു. തന്റെ പ്രസ്താവനകൾക്കെല്ലാം അദ്ദേഹത്തിനു വലിയ വിലയും കൊടുക്കേണ്ടിവന്നിട്ടുണ്ട്. ഒരുപക്ഷേ, ഇത്രയേറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു ശാസ്ത്രകാരൻ ചരിത്രത്തിൽ തന്നെ വേറെ ഉണ്ടാകില്ല.

**ഗലീലിയോയുടെ ജീവിതയാത്ര**

1564 ഫെബ്രുവരി 15-ന് ഇറ്റലിയിലെ പിസ്സയിൽ ആയിരുന്നു അദ്ദേഹത്തിന്റെ ജനനം. പ്രശസ്തനായ ഒരു സംഗീതജ്ഞൻ ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. ഗലീലിയോയ്ക്ക് ആറ് സഹോദരങ്ങളും ഉണ്ടായിരുന്നു. പതിനഞ്ചുവയസായപ്പോൾ പഠനത്തിനായി അദ്ദേഹത്തെ ഒരു ക്രിസ്ത്യൻ ആശ്രമത്തിൽ ചേർത്തു. മകനെപ്പറ്റി വലിയ പ്രതീക്ഷകളാണ് ആ പിതാവിന് ഉണ്ടായിരുന്നത്. അവൻ ബുദ്ധിമാനാണെന്നും കൂടുതൽ പഠിപ്പിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അവിടെവച്ചു ഗണിതവും, ലാറ്റിൻ ഭാഷയും അദ്ദേഹം ഹൃദിസ്ഥമാക്കി. ആശ്രമത്തിലെ ജീവിതം ഒരു പാതിരിയാകാനുള്ള ആഗ്രഹത്തിലേക്ക് അദ്ദേഹത്തെ നയിച്ചു. എന്നാൽ പിതാവിന് അദ്ദേഹത്തെ ഡോക്ടർ ആയി കാണുവാനായിരുന്നു ആഗ്രഹം. അതിനനുസരിച്ച് അവിടുത്തെ പഠനശേഷം സർവകലാശാല ഓഫ് പിസ്സയിൽ വൈദ്യപഠനത്തിനായി ചേർത്തു. പക്ഷേ ഗലീലിയോയ്ക്ക് താല്പര്യം ഫിലോസഫിയും, ഗണിതശാസ്ത്രവും ആയിരുന്നു. അങ്ങനെ വൈദ്യപഠനം പാതിവഴിയിൽ ഉപേക്ഷിച്ചിട്ട് ഗണിതത്തിൽ ബിരുദം നേടി. ഏറെ താമസിയാതെ 25-ാം വയസിൽ തന്നെ അവിടുത്തെ ഗണിതാധ്യാപകനായി ജോലിയിൽ പ്രവേശിച്ചു.

വെറും മൂന്നുവർഷം അവിടെ ജോലി ചെയ്തതിനുശേഷം സർവകലാശാല ഓഫ് പഡുവയിൽ അധ്യാപകനായി. ആ അധ്യാപനയാത്രയിൽ തന്നെ അദ്ദേഹത്തിന്റെ പല ഗവേഷണങ്ങളും ലോകത്തെ അത്ഭുതപ്പെടുത്തി.

**ചില വഴിത്തിരിവുകൾ**

പള്ളിയിലെ പ്രാർഥനയിൽ ഏവരും മുഴുകിയിരുന്നപ്പോൾ ഗലീലിയോയുടെ കണ്ണുകൾ മുകളിലെ വൈദ്യുത വിളക്കുകളിൽ ആയിരുന്നു. അവ ഒരു പ്രത്യേക താളത്തിൽ ആടിക്കൊണ്ടിരുന്നത് അദ്ദേഹം നിരീക്ഷിച്ചു. തന്റെ ഇടതു കൈത്തണ്ടയുടെ മുകളിൽ വിരലമർത്തിക്കൊണ്ട് അതിന്റെ വേഗവും, ഹൃദയമിടിപ്പിന്റെ വേഗവും അളന്നു. സമയം അളക്കുവാൻ കഴിയുന്ന ഒരു യന്ത്രം കണ്ടെത്തുവാൻ കഴിയുമെന്ന് അദ്ദേഹം അതിലൂടെ കണക്കുകൂട്ടി. പിന്നീട് ക്ലോക്കുകളുടെ നിർമാണത്തിന് അടിത്തറപാകി. അക്കാലത്ത് ആളുകൾ വിശ്വസിച്ചിരുന്നത് ഭാരം കൂടിയ വസ്തുക്കൾ കൂടുതൽ വേഗത്തിൽ സഞ്ചരിക്കുന്നു എന്നായിരുന്നു. എന്നാൽ അദ്ദേഹം അതിനെ എതിർത്തു. ലോകം അദ്ദേഹത്തെ കളിയാക്കി. അതു ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി വ്യത്യസ്ത ഭാരത്തിലുള്ള രണ്ടു വസ്തുക്കളുമായി അദ്ദേഹം പിസ ഗോപുരത്തിന്റെ മുകളിൽ കയറി ആയിരങ്ങളെ സാക്ഷിനിർത്തിക്കൊണ്ട് അവയെ താഴേക്കിട്ടു. അവ ഒരേ സമയം ആണ് ഭൂമിയിൽ പതിച്ചത്. ഈ പരീക്ഷണത്തിലൂടെ അദ്ദേഹം അറിയപ്പെടുവാൻ തുടങ്ങി.

**ഭൂമിയുടെ ആകൃതിയും വീട്ടുതടങ്കലും**

ഭൂമി ഉരുണ്ടതാണെന്ന് ആദ്യം ലോകത്തോട് വിളിച്ചുപറയുന്നത് അരിസ്റ്റാർക്കസ് എന്ന ജ്യോതിശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ ശരിവയ്ക്കുന്ന രീതിയിലാണ് പിന്നീട് കോപ്പർനിക്കസും ഭൂമിയെപ്പറ്റി വെളിപ്പെടുത്തലുകൾ നടത്തിയത്. കോപ്പർനിക്കസ് മുന്നോട്ടുവച്ച സിദ്ധാന്തങ്ങൾക്ക് സമാനമായ കണ്ടുപിടുത്തങ്ങൾ പിന്നീടുണ്ടായത് ഗലീലിയോയുടെ ഭാഗത്തുനിന്നും ആയിരുന്നു. ശാസ്ത്രത്തിനും, ജ്യോതിശാസ്ത്രത്തിനും അദ്ദേഹം കൃത്യമായ ഒരു പാത തുറന്നുകൊടുത്തു. പക്ഷേ, അദ്ദേഹത്തിന്റെ പല വെളിപ്പെടുത്തലുകളും അന്നത്തെ ക്രൈസ്തവ സഭയുടെ വിശ്വാസങ്ങൾക്ക് എതിരായിരുന്നു. അവർ ഗലീലിയോയെ തടവിലാക്കി.

അന്നത്തെ കാലഘട്ടത്തിൽ യൂറോപ്പിലെ ഭരണസമ്പ്രദായം, നാടുവാഴിപ്രഭുത്വത്തിന്റേത് ആയിരുന്നു, ആർക്കും സ്വതന്ത്രമായി ചിന്തിക്കാനോ, അഭിപ്രായം തുറന്നു പറയുവാനോ ഉള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദു ഭൂമി ആണെന്നും ചന്ദ്രനും മറ്റു നക്ഷത്രങ്ങളും ഭൂമിയെ പ്രദക്ഷിണം ചെയ്യുകയാണെന്നുമാണ് അന്നു പരക്കെ വിശ്വസിച്ചിരുന്നത്.

അന്നത്തെ മതമേലധ്യക്ഷന്മാരും അങ്ങനെ തന്നെ വിശ്വസിച്ചിരുന്നു. എന്നാൽ ഭൂമി ഉരുണ്ടതാണെന്നും പ്രപഞ്ചത്തിന്റെ കേന്ദ്രം സൂര്യനാണെന്നുമുള്ള കോപ്പർനിക്കസിന്റെ തത്വം ഗലീലിയോ തെളിയിക്കുകകൂടി ചെയ്തതോടെ അദ്ദേഹം മതാധ്യക്ഷന്മാരുടെ കണ്ണിലെ കരടായിമാറി. ഗലീലിയോ അങ്ങനെ ക്രൂരമർദനങ്ങൾക്കും, കാരാഗൃഹവാസത്തിനും വിധേയനായി. ആ തടവിൽ കിടന്നുകൊണ്ടുതന്നെയാണ് അദ്ദേഹം മരണപ്പെടുന്നതും. മതത്തിന്റെയും മതമേലദ്ധ്യക്ഷന്മാരുടെയും ചിന്താഗതികളും വിശ്വാസവും ബൈബിളിനെ അടിസ്ഥാനമാക്കിയുള്ളതായിരുന്നില്ലായെന്ന് ഒരു ബൈബിൾ പഠിതാവിന് പറയുവാൻ സാധിക്കും. പ്രപഞ്ചം രചിക്കപ്പെട്ടത് കൃത്യമായ ഒരു ഗണിതത്താലാണെന്ന് ഗലീലിയോ പറയുമ്പോൾ അത് എത്രയും ശരിയാണെന്ന് ബൈബിളും പറയുന്നു. ദൈവം സൃഷ്ടിച്ചു എന്നു പറയുമ്പോൾ കൃത്യമായ ഒരു ഗണിതത്തിൽ മാത്രമേ സൃഷ്ടികർമ്മം സാധിക്കൂ എന്നു നമുക്കറിയാം. അതുപോലെ ഭൂമി ഉരുണ്ടതാണെന്ന ഗലീലിയോയുടെ പ്രസ്താവനയും ബൈബിൾ വിരുദ്ധമല്ല. ബി.സി.2000-ൽ ഈയോബിന്റെ പുസ്തകത്തിലും ബി.സി.700-ൽ യെശയ്യാവിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

പേജ് 2 തുടർച്ച



## ആകുലചിന്ത



എന്നിവരുടെ അനുഭവം നോക്കുക, ഉവ്വ്, ദൈവത്തിന്റെ കല്പനകൾ അനുസരിക്കുമ്പോൾ, അനുസരിക്കാൻ തീരുമാനിക്കുമ്പോൾ ഭാരം മെഴുകുപോലെ ഉരുകിമാറും.

നേരത്തെ പറഞ്ഞ വിശ്വാസം ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതെങ്കിൽ അനുസരണത്തിന് ആധാരമായിരിക്കുന്നത് ദൈവത്തോടു നമുക്കുള്ള സ്നേഹമാണ് (യോഹന്നാൻ 14:15, 21) കരുതുന്നവനും സ്നേഹിക്കുന്നവനും ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ തിരഞ്ഞെടുത്തവനുമായ ദൈവത്തിന്റെ നിത്യസ്നേഹത്തിലുള്ള വിശ്വാസം പ്രവർത്തനസജ്ജമാകുമ്പോൾ നമ്മുടെ ആകുലചിന്ത മാറിപ്പോകും. അതുപോലെ ദൈവത്തോടു നമുക്കുള്ള സ്നേഹത്തിന്റെയും നന്ദിയുടെയും അടിസ്ഥാനത്തിൽ അവിടുത്തെ കല്പന അനുസരിക്കുവാൻ നാം തീരുമാനിക്കുമ്പോഴും നമ്മുടെ ഭാരങ്ങൾ നീങ്ങിപ്പോകും.

സുഹൃത്തേ, താങ്കൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണെങ്കിൽ ആകുലചിന്തകൾക്ക് താങ്കളുടെ മേൽ ഒരവകാശവുമുണ്ടായിരിക്കരുത്. പാപത്തെപ്പോലെ നാം തള്ളിക്കളയേണ്ട ഒന്നാണു ഭാരവും (എബ്രായർ 12:1). ഇപ്പോൾ ഹൃദയത്തിൽ ആകുലചിന്തകളുടെ ഭാരം കടന്നുവരുന്നുണ്ടെങ്കിൽ അതിനു രണ്ടു കാരണം ഉണ്ടാകാം. ഒന്നുകിൽ വിശ്വാസത്തിന്റെ കുറവ്. അല്ലെങ്കിൽ അനുസരണത്തിന്റെ അഭാവം. ഇതിൽ ഏതാണു താങ്കളുടെ ഇപ്പോഴത്തെ ഭാരത്തിനു കാരണമെന്നു തിരിച്ചറിയുക. എന്നിട്ട് ദൈവസ്നേഹത്തിലുള്ള ഉറപ്പിൽ വിശ്വാസത്തെ പ്രവർത്തനനിരതമാക്കുക. അല്ലെങ്കിൽ ദൈവത്തോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ അനുസരണത്തിനു തയ്യാറാകുക. ഇങ്ങനെയാണു സകല ചിന്താകുലവും അവന്റെമേൽ ഇടുവാൻ നമുക്ക് കഴിയുന്നത്.



# ടെലിപോർട്ടേഷൻ യാഥാർഥ്യമായാൽ..



കേരളത്തിൽ ഉറങ്ങി, രാവിലെ എഴുന്നേറ്റ ഉടൻ അമേരിക്കയിൽ ജോലിക്കു പോയി, വൈകുന്നേരം ഓസ്ട്രേലിയയിൽ ക്രിക്കറ്റുകളി കണ്ട്, രാത്രി കുടുംബത്തോടൊപ്പം ലണ്ടനിൽ അത്താഴം! കണ്ണടച്ചുതുറക്കുന്ന സമയം കൊണ്ട് ലോകത്ത് എവിടെ വേണമെങ്കിലും എത്താൻ കഴിയുന്ന ടെലിപോർട്ടേഷൻ സാങ്കല്പികവിദ്യ യാഥാർഥ്യമായാൽ ഈ പറഞ്ഞതുപോലെയൊക്കെയാവും കാര്യങ്ങൾ! ശാസ്ത്രനോവലുകളിലും സിനിമകളിലും പണ്ട് ഇടം പിടിച്ച ഈ സൂത്രവിദ്യ യാഥാർഥ്യമാക്കാൻ ശ്രമിക്കുന്ന ഗവേഷകർ ലോകത്തുണ്ട്. ആ പരീക്ഷണങ്ങൾ വിജയിച്ചാൽ നമ്മുടെ ജീവിതവും ഒപ്പം, ലോകവും അടിമുടി മാറിമറിയും!



വാഹനക്കമ്പനികളൊക്കെ പൂട്ടും. റോഡുകളിലും പാലങ്ങളിലുമൊന്നും ആളും അനക്കവും ഇല്ലാതാകും. ജനങ്ങൾ തിങ്ങിഞെരുങ്ങി ജീവിക്കുന്ന നഗരങ്ങൾ പഴങ്കഥയാകും. ബഹിരാകാശ യാത്രകളും പര്യവേക്ഷണങ്ങളുമൊക്കെ നമ്മൾ ഇന്നോളം സ്വപ്നം കാണാത്തത്ര വേഗത്തിൽ വളരും.

മോട്ടോർ വാഹനങ്ങൾ ഓടാത്തതുമൂലം പരിസ്ഥിതി മലിനീകരണം തീരെ കുറയും. പെട്രോളിനൊക്കെ നിസ്സാര വിലയേ ഉണ്ടാകൂ.

വിമാനത്താവളങ്ങളും തീവണ്ടിപ്പാളങ്ങളുമെല്ലാം കൃഷിഭൂമികളോ വ്യവസായശാലകളോ ആക്കി മാറ്റാം. ദൂരം ഒരു പ്രശ്നമേ അല്ലാതാകുന്നതോടെ ലോകത്ത് ഏത് സ്ഥലവും തൊട്ടടുത്തുള്ളതുപോലെ തോന്നും. തിരക്കുകൾ കാരണം പ്രിയപ്പെട്ടവരുടെ വിവാഹങ്ങളോ മറ്റ് പ്രധാനപ്പെട്ട പരിപാടികളോ ഒന്നും മിസ്സാക്കുകയേ വേണ്ട!

അതിവേഗം എന്തും എവിടെയും എത്തിക്കാനാവും. അവശ്യ മരുന്നുകളും ഉപകരണങ്ങളുമൊക്കെ കിട്ടാൻ താമസമേ വരില്ല. അതുപോലെ ആശുപത്രികളിൽ എത്തിക്കാനുള്ള കാലതാമസം കാരണം രോഗികളുടെ ജീവൻ അപകടത്തിലാവുകയുമില്ല.

സ്വിച്ചിട്ടാൽ സ്ഥലം മാറുന്ന ഈ പരിപാടി ജീവിതം കൂടുതൽ എളുപ്പമാക്കുമെങ്കിലും ധാരാളം കുഴപ്പങ്ങളും പിന്നാലെ വരും. അക്രമികൾക്കും തട്ടിപ്പുകാർക്കു മൊക്കെ ലോകത്ത് എവിടെയും പോയി കുഴപ്പങ്ങളുണ്ടാക്കി ആരുടെയും കണ്ണിൽപ്പെടാതെ കടന്നു കളയാനാവും!

പറയുന്നതുപോലെ അത്ര സിംപിൾ അല്ല ടെലിപോർട്ടേഷൻ. ഒരു വസ്തുവിലെ എല്ലാ 'ആറ്റങ്ങളെയും' സ്കാൻ ചെയ്തെടുത്ത് വേറൊരു സ്ഥലത്ത് പുനസൃഷ്ടിക്കുന്നതാണ് സംഗതി. അതായത് ഒരു ഫോൺ ടെലി പോർട്ട് ചെയ്യണമെങ്കിൽ അത് ഒരിടത്ത് ഇല്ലാതായി മറ്റൊരിടത്ത് പുതുതായി ഉണ്ടായിവരും എന്നു ചുരുക്കം! അപ്പോൾ മനുഷ്യനെ ടെലിപോർട്ട് ചെയ്യണമെങ്കിലോ? ഓരോ പ്രാവശ്യവും ഇല്ലാതായി വേറൊരിടത്ത് പുനർജനിക്കണം അതുകൊണ്ടുതന്നെ ഈ വിദ്യ യാഥാർഥ്യമായാലും ജീവനുള്ളവയെ ടെലിപോർട്ട് ചെയ്യുന്ന കാര്യം നടക്കാൻ ചാൻസ് ഇല്ല.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി




എന്റെ ഒരു പഠനത്തിൽ വ്യക്തമായ കാര്യങ്ങളാണ് ഞാൻ താങ്കളുമായി പങ്കുവയ്ക്കുന്നത്. ബൈബിളിൽ ഏകസത്യദൈവമേയുള്ളൂ. മൂന്നു ദൈവങ്ങളില്ല. മൂന്നു ആളത്വങ്ങളോ മൂന്നു വ്യക്തിത്വങ്ങളോ ഇല്ല. അരാമിക്-ഹീബ്രു-ഗ്രീക്ക് ബൈബിളും വേദപണ്ഡിതന്മാരുടെ സഹായത്തോടെ പരിശോധിച്ചിട്ടുണ്ട്. പിന്നെ എങ്ങനെയാണ് ബൈബിളിൽ ഇല്ലാത്ത ത്രിത്വോപദേശം സഭയുടെ അടിസ്ഥാനപ്രമാണമായി നിലവിൽവന്നത്. ആദിമനൂറ്റാണ്ടിൽ ഇങ്ങനെയൊരു ഉപദേശം നിലവിൽ ഉണ്ടായിരുന്നോ? ത്രിത്വോപദേശം രൂപപ്പെട്ടതിന്റെ വ്യക്തമായ ഒരു ചരിത്രം പൊതുവായ അറിവിലേക്ക് നല്കാൻ സാധിക്കുമോ? **ഡോ. സി. വി. പാപ്പച്ചൻ, പുന്നല, പിറവന്തൂർ, പുനലൂർ**



## തുടർച്ച

ത്രിത്വത്തിലെ മൂന്നാളുകൾക്കുമിടയിൽ ഒരുതരത്തിലുമുള്ള വലിപ്പച്ചെറുപ്പവും അഗസ്റ്റിന് സ്വീകാര്യമല്ലായിരുന്നു. പരിശുദ്ധാത്മാവിനെ പിതാവിൽ നിന്നു മാത്രം പുറപ്പെടുന്നവനെന്നതിന് പകരം പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നവനായാണ് അഗസ്റ്റിൻ കണ്ടത്. അഗസ്റ്റിനിൽ നിന്ന് പാശ്ചാത്യസഭ സ്വീകരിച്ച ഈ നിലപാട്, പിന്നീട് പൗരസ്ത്യ-പാശ്ചാത്യസഭകൾ തമ്മിൽ ഭിന്നതയ്ക്കുള്ള കാരണങ്ങളിലൊന്നായി മാറി. ത്രിത്വസിദ്ധാന്തത്തിന് മനഃശാസ്ത്രപരമായ ഒരു മാനം കൊടുക്കാനും അഗസ്റ്റിൻ ശ്രമിച്ചു. ത്രിയേകദൈവത്തിന്റെ സൃഷ്ടിയായ പ്രപഞ്ചത്തിൽ ത്രിത്വം പ്രതിബിംബിക്കുന്നുണ്ടെന്നും ദൈവഛായയിൽ ഉരുവാക്കപ്പെട്ടിരിക്കയാൽ മനുഷ്യരിലും ത്രിത്വത്തിന്റെ അംശം ഉൾച്ചേർന്നിട്ടുണ്ടെന്നും ബുദ്ധിയും സ്മരണയും ഇച്ഛയും ചേർന്ന ഒരു ത്രിത്വമാണ് മനുഷ്യമനസ്സ് എന്നും അദ്ദേഹം വാദിച്ചു. നൂറ്റാണ്ടുകളായി, മിക്കവാറും ക്രിസ്തുമതവിഭാഗങ്ങൾക്ക്, ത്രിത്വസിദ്ധാന്തത്തെ ഒഴിവാക്കിക്കൊണ്ട് ഒരു ദൈവദർശനം ഇല്ല. അതുകൊണ്ട്, ആ സിദ്ധാന്തത്തിന്റെ ഉത്ഭവവും വളർച്ചയും എത്ര വിവാദഭരിതവും ദുരിതപൂർണവുമായിരുന്നു എന്നത് ഇന്നത്തെ വിശ്വാസസമൂഹത്തിന് അറിവുള്ള കാര്യമല്ല. ആ വിവാദചരിത്രം മറയ്ക്കപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം.

എബ്രായ പ്രവാചക പാരമ്പര്യത്തിൽ, വിട്ടുവീഴ്ചയില്ലാത്ത ഏകദൈവവിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണ് ക്രിസ്തു പിറന്നത്. എന്നാൽ അതിന്റെ വളർച്ചയുടെ പശ്ചാത്തലം യവനമായിരുന്നു. പുതിയനിയമ ഗ്രന്ഥങ്ങളെല്ലാം എഴുതപ്പെട്ടിരിക്കുന്നത് ഗ്രീക്ക് ഭാഷയിലാണ്. ആദിമ ക്രൈസ്തവസമൂഹങ്ങൾക്ക്, പഴയനിയമവുമായി വ്യക്തമായ പരിചയവും ബോധ്യവും ഉണ്ടായിരുന്നെങ്കിലും പിന്നീട് വന്ന തലമുറയ്ക്ക് ഗ്രീക്ക് പരിഭാഷ മാത്രമായിരുന്നു ആശ്രയം. **യഹൂദമതത്തിലെ ഏകദൈവ വിശ്വാസത്തിനും ഗ്രീക്ക് ബഹുദൈവവിശ്വാസത്തിനും ഇടയ്ക്കുള്ള നിലപാടായാണ്, ഏകസത്ത പങ്കിടുന്ന മൂന്ന് ആളുകൾ ചേർന്ന ത്രിത്വം എന്ന സങ്കല്പം രൂപപ്പെട്ടത്.**

യേശുവിനെ ദൈവം തന്നെയായ ദൈവവചനമായി അവതരിപ്പിച്ചുകൊണ്ട് തുടങ്ങുന്ന യോഹന്നാന്റെ സുവിശേഷത്തിന് യവനചിന്തയുടെ പശ്ചാത്തലമാണ്. ക്രിസ്തുമാർഗ്ഗത്തിന്റെ സദ്വാർത്തയുടെ യവനവീക്ഷണത്തിൽ നിന്നുള്ള പുനരാഖ്യാനമാണ് ആ സുവിശേഷം ലക്ഷ്യം വച്ചതെന്ന് പറയപ്പെടുന്നു. ദൈവസ്വഭാവത്തെ വിശദീകരിക്കാനാണ് ത്രിത്വസിദ്ധാന്തം ശ്രമിച്ചത്. എന്നാൽ ഈ സിദ്ധാന്തം ദൈവപ്രകൃതിയെ കൂടുതൽ മനസ്സിലാക്കാൻ മനുഷ്യരെ സഹായിച്ചു എന്ന് പറയുക ബുദ്ധിമുട്ടാണ്. ദൈവസ്വഭാവത്തെ കൂടുതൽ സങ്കീർണമായി അവതരിപ്പിച്ച്, ദൈവത്തെ മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട് വർദ്ധിപ്പിക്കുകയാണ് ത്രിത്വസിദ്ധാന്തം ചെയ്തതെന്ന് പ്രസിദ്ധ സഭാചരിത്രകാരനായ ജാരോസ്ലാവ് പെലികൻ എഴുതിയിട്ടുണ്ട്. യഹൂദമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും അകൽച്ചയുടെ മൂലകാരണങ്ങളിലൊന്ന് ത്രിത്വസിദ്ധാന്തമാണ്. ത്രിത്വസിദ്ധാന്തം ഏകസത്യദൈവം എന്നുള്ള തിരുവചന യാഥാർത്ഥ്യത്തെ ഇല്ലാതാക്കുകയും പരിഹാസവിഷയമാക്കുകയും ചെയ്തു. നിഖ്യായുടെ ത്രിത്വദൈവം, യുക്തിക്കു നിരക്കാത്തതും അന്തഃകരണത്തിന് ബോധ്യം തരാത്തതുമാണ്.

ഒരിജന്റെ സമകാലീനനും സതീർഥ്യനും ആയിരുന്ന ചിന്തകൻ പ്ലോട്ടിനസിന്റെ ദൈവസങ്കല്പത്തിന് ഒരിജന്റെ ത്രിത്വദർശനവുമായി ഏറെ സമാനത ഉണ്ടായിരുന്നുവന്ന് ബർട്രാൻഡ് റസ്സൽ പാശ്ചാത്യ തത്വചിന്തയുടെ ചരിത്രം എന്ന പുസ്തകത്തിൽ പ്ലോട്ടിനസിനെക്കുറിച്ചുള്ള അദ്ധ്യായത്തിൽ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ത്രിത്വസിദ്ധാന്തം അന്നത്തെ മതതത്വചിന്തകളുടെ ഒരു കോപ്പിയടി മാത്രമാണെന്ന് അദ്ദേഹം അതേ അദ്ധ്യായത്തിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ത്രിത്വവിശ്വാസമാണ് ക്രിസ്തുമതത്തിൽ ഛിദ്രമുണ്ടാക്കിയതെന്ന് Decline and Fall of the Roman Empire എഴുതിയ എഡ്‌വേഡ് ഗിബ്ബൺ. ത്രിത്വസിദ്ധാന്തത്തിന്റെ വികാസത്തിൽ അത്താനാസിയൂസ് വഹിച്ച പങ്കിന് വലിയ പ്രാധാന്യമുണ്ട്. ക്രൈസ്തവ സഭയുടെ വിശ്വാസപ്രമാണത്തിന്റെ വകഭേദങ്ങളിലൊന്നായ ത്രിത്വം അറിയപ്പെടുന്നത് തന്നെ അത്തനാസിയൂസിന്റെ വിശ്വാസപ്രമാണം എന്നാണ്. പാശ്ചാത്യസഭ ഒരുകാലത്ത് വലിയ പ്രാധാന്യം കല്പ്പിച്ചിരുന്ന ആ വിശ്വാസപ്രമാണം അത്തനാസിയൂസ് എഴുതിയതെന്ന് നേരത്തേ കരുതിയിരുന്നെങ്കിലും അത് അദ്ദേഹത്തിന്റെ കാലശേഷം എഴുതപ്പെട്ടതാണെന്നാണ് ചരിത്രകാരന്മാർ പറയുന്നത്.

പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെക്കുറിച്ച് പാശ്ചാത്യ-പൗരസ്ത്യ സഭകൾ തമ്മിൽ പിന്നീടുണ്ടായ തർക്കം ഫിലിയോക്ക് വിവാദം എന്നാണ് അറിയപ്പെടുന്നത്. നിഖ്യാവിശ്വാസപ്രമാണത്തിൽ പിതാവിൽ നിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവ് എന്നതിനെ ആറാം നൂറ്റാണ്ടിൽ പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ് എന്നാക്കിയതിനെയാണ് പൗരസ്ത്യസഭ എതിർത്തത്. 'പുത്രനിൻ നിന്നും' എന്ന അർത്ഥത്തിൽ ഉപയോഗിച്ച വാക്കായിരുന്നു filioque എന്നത്.

സഭാചരിത്രത്തിൽ ഉടനീളം ത്രിത്വം എന്ന ഉപദേശം ഒരു തർക്ക സംഗതിയായി അവശേഷിക്കുന്നു. ത്രിത്വത്തിലെ മർമ്മപ്രധാനമായ ചില കാര്യങ്ങൾക്ക് പൂർണ്ണവ്യക്തതയില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണ്. എന്നാൽ ഒരു ദൈവമേ ഉള്ളൂ. ഇതാണ് ത്രിത്വത്തിലെ വൈരുദ്ധ്യങ്ങളിലൊന്ന്. ഈ വിഷയങ്ങൾ പ്രയോജനമില്ലാത്ത തർക്ക സംഗതിയായി നിലകൊള്ളുന്നു. ത്രിത്വം നമ്മുടെ പരിമിതമായ ബുദ്ധികൊണ്ട് വിവരിക്കുകയും, വിശദീകരിക്കുകയും ചെയ്യുന്നതിന് പകരം വേദപുസ്തകം വെളിപ്പെടുത്തുന്ന ഏകസത്യദൈവത്തെ വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെതന്നെ മനസിലാക്കുകയും വിശദീകരിക്കുകയും ചെയ്താൽ ദൈവത്തെക്കുറിച്ചുള്ള തർക്കങ്ങൾ അവസാനിപ്പിക്കാൻ കഴിയും എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്.

ഏകസത്യ ദൈവനാമം യഹോവ എന്നുതന്നെയാണ് (പുറപ്പാട് 3:13-15) യഹോവ അല്ലാതെ മറ്റാരു ദൈവമില്ല രക്ഷകനും ഇല്ല (യെശ. 43:10.11). യഹോവ (പിതാവായ ദൈവം) തന്നെയാണ് രക്ഷകനായി പുതിയനിയമത്തിൽ വെളിപ്പെടുന്നത് (യെശ.9:6). പിതാവായ യഹോവയുടെ നാമം തന്നെയാണ് രക്ഷകനായി വെളിപ്പെട്ട പുത്രന്റെ നാമം (യോഹന്നാൻ 17:11). ആ നാമം മൂലഭാഷയിൽ യേഹേശുവ അല്ലെങ്കിൽ യേശുവാ എന്ന് തന്നെയാണ്. യാഹൂ വേ+ യേശുവ=യഹോവ രക്ഷകൻ എന്നർത്ഥം. എന്നാൽ പുതിയനിയമം രൂപപ്പെടുത്തിയ കോൺസ്റ്റന്റിനും അയാളുടെ കിങ്കരന്മാരും രക്ഷകന്റെ നാമം വികൃതമാക്കി. യേശു, ഈശോ, ഇസൂസ്, ജീസസ് ഇങ്ങനെ എത്രയെത്ര പേരുകൾ. രക്ഷയ്ക്കായി ഇതിൽ ഏതു നാമത്തിലാണ് വിളിച്ചപേക്ഷിക്കേണ്ടത്. സാത്താൻ കോൺസ്റ്റന്റിനിലൂടെ പ്രവർത്തിച്ച വിപത്ത് പലരും മനസ്സിലാക്കിയിട്ടില്ല. യേശു എന്നത് സുറിയാനി നാമമാണ്. അരാമ്യ ഭാഷ സംസാരിക്കുന്ന മറിയയോട് സുറിയാനി ഭാഷയിലാണ് ദൂതൻ സംസാരിച്ചത് എന്ന് പറയുന്നത് എത്രയോ ഭോഷത്വം. ലോകക്കാരുടെ ത്രിയാസ്, ത്രിനിത്താസ്.. സൂര്യാരാധനക്കാരുടെ ത്രിത്വ ആരാധന ഒക്കെയാണ് ത്രിത്വോപദേശമായി സഭയിൽ കടന്നത്. അതോടെ യഹോവയാണോ? യേശുവാണോ? പിതാവാണോ? പുത്രനാണോ? പരിശുദ്ധാത്മാവാണോ? ആരാണ് മഹാ ദൈവം? ആരോടാണ് പ്രാർത്ഥിക്കേണ്ടത്? തുടങ്ങി നിരവധി ചോദ്യങ്ങൾക്ക് വേദപണ്ഡിതന്മാർക്ക് പോലും മറുപടി ഇല്ലാത്ത അവസ്ഥയിലായി.

യഹോവ തന്നെയാണ് ദൈവം എന്നും (പുറ.3: 1315; യെശ.44:6) യഹോവയാണ് രക്ഷകനായി അവതരിച്ചതെന്നും (യെശ.9:6, 43:10-11) ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ് എന്നും (യാഹുവേ റുവാക്ക് ഉല്പത്തി 1:2)മനസിലാക്കാതെ പോയതു മൂലം സംഭവിച്ച വലിയ അപകടം രക്ഷയെ ബാധിക്കുന്നതാണ് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ ത്രിത്വോപദേശം വ്യക്തമായി വിശദീകരിക്കുവാനോ വചനപ്രകാരം തെളിയിക്കുവാനോ ഇന്നുവരെ ആർക്കും സാധിച്ചിട്ടില്ല. ത്രിത്വോപദേശത്തിലെ വൈരുദ്ധ്യാത്മിക നിലപാടുകൾ ചരിത്രപരമായ വായനയിലൂടെ ഏവർക്കും ബോധ്യപ്പെടുന്നതുമാണ്. ഇങ്ങനെയൊരു ഉപദേശം ദൈവസഭയ്ക്ക് അനിവാര്യമല്ല എന്നു മാത്രമല്ല, ഈ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ വേദപുസ്തകം വെളിപ്പെടുത്തുന്ന ഏകസത്യ ദൈവത്തെ ഉണ്മയായ നിലയിൽ വെളിപ്പെടുത്താൻ സാധിക്കുകയില്ലായെന്നത് ഖേദകരമായ ഒരു സത്യമായി അവശേഷിക്കുന്നു.

WEBSITE vedabhimani.com
FACE BOOK vedabhimani
MAIL vedabhimani@gmail.com
YouTube vedabhimani.com

# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Nov: 2022 at RMS Kayamkulam
Published on Ist Nov: 2022
RNI Registered No. KERMAL/2002/7361



## നടന്നുപോകുന്ന പ്രസംഗം!

ആയിരത്തിതൊള്ളായിരത്തി അമ്പത്തിമൂന്നിലെ ഒരു സായാഹ്നം. പത്രലേഖകരും ഉദ്യോഗസ്ഥരും പൗരാവലിയുമടങ്ങിയ ഒരു ജനസഞ്ചയം ചിക്കാഗോ റെയിൽവേസ്റ്റേഷനു പുറത്ത് 1952–ലെ നോബൽ ജേതാവിനെ കാത്തുനിൽക്കുകയായിരുന്നു. അപ്പോൾ ആറടി നാലിഞ്ച് പൊക്കമുള്ള അജാനുബാഹുവായ ഒരാൾ കുറ്റിച്ച തലമുടിയും കട്ടിമീശയുമായി എത്തിച്ചേർന്നു. കാമറകൾ കണ്ണുചിമ്മി. കാത്തുനിന്നവർ ചുറ്റും കൂടി. ഉദ്യോഗസ്ഥർ ആദരവോടെ കരങ്ങൾ നീട്ടി. ഉപചാര വാക്കുകൾ കോരിച്ചൊരിഞ്ഞു. അദ്ദേഹം അതിനൊക്കെയും നന്ദി പറഞ്ഞുകൊണ്ടിരുന്നു. പെട്ടെന്ന് തന്റെ ചുറ്റിലും നിൽക്കുന്നവരുടെ അപ്പുറത്ത് അദ്ദേഹം എന്തോ ഒന്നു കണ്ടു.



“ക്ഷമിക്കണം, ഞാൻ രണ്ടുമിനിട്ടുനുള്ളിൽ തിരികെ വരാം.” തന്നെ സ്വീകരിക്കാൻ കൂടിയവരുടെ തോളുകൾക്കു മുകളിലുടെ അല്പം ദൂരേയ്ക്ക് കണ്ണുപായിച്ച് അദ്ദേഹം വളരെ വിനയത്തോടെ പറഞ്ഞു. എന്നിട്ട് ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി നടന്നുപോയി. അല്ല, അദ്ദേഹം ഓടുകയായിരുന്നു. കറുത്ത വർഗ്ഗക്കാരിയായ ഒരു വൃദ്ധവനിത രണ്ടുവലിയ പെട്ടികൾ തനിയ്ക്കു പോകേണ്ട ബസിനടുത്തെത്തിക്കാൻ പാടുപെടുന്നതു കണ്ടാണ് അദ്ദേഹം ഓടിയത്. ആ പെട്ടികൾ ബസിൽ കയറ്റി, ആ വനിതയ്ക്ക് ശുഭയാത്ര നേർന്ന് വേഗം തന്നെ അദ്ദേഹം തിരികെ വന്നു.

“നിങ്ങളെ ഇത്ര സമയം കാത്തു നിർത്തിയതിൽ എന്നോടു ക്ഷമിക്കണമേ” വിനയപൂർവ്വം അദ്ദേഹം ക്ഷമാപണം നടത്തി. പ്രശസ്ത ക്രിസ്തീയ മിഷണറി ഡോക്ടറായിരുന്ന ആൽബർട്ട് ഷ്വൈറ്റ്സറായിരുന്നു തന്നെ സ്വീകരിക്കാൻ കൂടിയവരുടെ ഇടയിൽ നിൽക്കുമ്പോഴും സഹായം ആവശ്യമുള്ളവരെ തേടിപ്പോയത്.

ആഫ്രിക്കയിലെ ദരിദ്രർക്കുവേണ്ടി ഉഴിഞ്ഞുവച്ചതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. പിന്നീട് ഒരു പത്രലേഖകൻ ഇങ്ങനെ പറഞ്ഞു. ഒരു ക്രിസ്തുശിഷ്യൻ ഇങ്ങനെ ജീവനോടെ നടക്കുന്നത് ഞാൻ ആദ്യമായി കാണുകയായിരുന്നു. സഞ്ചരിക്കുന്ന സന്ദേശം എന്നാണ് ഒരു ദിനപത്രത്തിൽ വന്ന വാർത്തയുടെ തലക്കെട്ട്.

## നന്മയാൽ തിന്മയെ ജയിക്കുക

ദുഷ്ടനും ദൈവവിരോധിയുമായിരുന്ന ഒരു പട്ടാള ഉദ്യോഗസ്ഥൻ രക്ഷിക്കപ്പെടുവാനിടയായി. തന്റെ സഹപ്ര വർത്തകരോട് അദ്ദേഹം പറഞ്ഞ സാക്ഷ്യം ഇപ്രകാരമാണ്: “ക്രിസ്ത്യാനിയായ ഒരു പട്ടാളക്കാരൻ എന്റെ ക്യാമ്പിൽ ഉണ്ടായിരുന്നു. ഞങ്ങൾ അവനോടു വളരെ മോശമായിട്ടാണ് പെരുമാറിയിരുന്നത്. ഒരു രാത്രി കാവൽ ഡ്യൂട്ടിയിൽ നിന്ന് നനഞ്ഞുവിറച്ച് ക്ഷീണിതനായി മടങ്ങി വന്നു. കിടക്കയിലേക്കു പോകും മുമ്പ് മുട്ടകുത്തി നിന്ന് അവൻ പ്രാർത്ഥിക്കുകയായിരുന്നു. അപ്പോൾ വെറുതേ ഒരു തമാശയ്ക്ക് അവന്റെ തലയുടെ ഒരു വശത്ത് ബൂട്ട് കൊണ്ട് ഞാൻ ഒരു തൊഴി കൊടുത്തു. അവൻ നിശബ്ദനായി തന്റെ പ്രാർത്ഥന തുടർന്നു. പിറ്റേന്നു പ്രഭാതത്തിൽ ഞാൻ കണ്ടത് എന്റെ കിടക്കയ്ക്കരികിൽ പോളിഷ് ചെയ്തു മിനുക്കി ഭംഗിയാക്കി വച്ചിരിക്കുന്ന എന്റെ ബൂട്ടാണ്. അതായിരുന്നു എനിക്കുള്ള അവന്റെ മറുപടി. അത് എന്റെ ഹൃദയത്തെ സ്പർശിക്കയും അന്നുതന്നെ ഞാൻ രക്ഷിക്കപ്പെടുകയും ചെയ്തു. അവർ യേശുവിനോടു കൂടെ ആയിരുന്നവർ എന്നും അവർ അറിഞ്ഞു (അ.പ്ര. 4:13)



## കുരങ്ങുകളി

പണ്ടൊരു രാജാവിന് കുരങ്ങുകളെ കണ്ടപ്പോൾ ഒരു കൗതുകം. മനുഷ്യരെപ്പോലെ കുരങ്ങന്മാരെ അക്ഷരം പഠിപ്പിച്ച് മിടുക്കരാക്കുവാൻ രാജാവ് തീരുമാനിച്ചു. കുരങ്ങിനെ അക്ഷരം പഠിപ്പിക്കാൻ കഴിയില്ലെന്ന് പലരും ഉപദേശിച്ചെങ്കിലും വഴങ്ങാതെ രാജാവ് കുരങ്ങന് പരിശീലകനെ ഏർപ്പെടുത്തി. പരിശീലകൻ രാപ്പകൽ അദ്ധ്വാനിച്ച് കുരങ്ങനെ അക്ഷരം പഠിപ്പിച്ചു. കൊട്ടാരത്തിൽ ഹാജരാക്കി. കുരങ്ങനെകൊണ്ട് അക്ഷരങ്ങളെല്ലാം എഴുതിച്ചു. എന്നിട്ട് രാജാവ് ചോദിച്ചു: ഇപ്പോൾ എങ്ങനെയുണ്ട്. ഞാൻ പറഞ്ഞതുപോലെ സംഭവിച്ചില്ലേ. അപ്പോൾ രാജഗുരു പറഞ്ഞു: പ്രഭോ കുരങ്ങന് വാക്കുകൾ എഴുതാനോ അതിന്റെ അർത്ഥം മനസിലാക്കാനോ അക്ഷരം വാക്കുകൾ ആക്കാനോ അറിയില്ല. പകരം കുരങ്ങൻ പരിശീലനത്താൽ അക്ഷരങ്ങൾ വരയ്ക്കുകയാണ്. അക്ഷരത്തിന്റെ രൂപം പകർത്തി വരയ്ക്കാനാണ് കുരങ്ങൻ ശ്രമിക്കുന്നത്. കഥയിലെ കുരങ്ങനെപ്പോലെ ആത്മീയ തട്ടിപ്പുകാർ പറയുന്നതുകേട്ട് അധരവ്യായാമം നടത്തുകയാണ് വിശ്വാസസമൂഹം. വേദപുസ്തകം വായിച്ച് ധ്യാനിച്ച് പ്രാവർത്തികമാക്കാതെ കാര്യസാധ്യത്തിന് ഇറങ്ങിത്തിരിച്ച വിശ്വാസികളുടെ കുരങ്ങുകളിയാണ് ഇന്നത്തെ ആത്മീയ അപചയത്തിനു കാരണം.



## യേശുവിന്റെ കൈ



രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഒരു ക്രിസ്തീയപള്ളി സന്ദർശിച്ച ചിലർ അവിടെ ഒരു പ്രതിമയുടെ ചില ഭാഗങ്ങൾ തകർന്നുകിടക്കുന്നതു കണ്ടു. കൗതുകത്തോടെ അവർ അത് ചേർത്തുവച്ചു നോക്കിയപ്പോൾ യേശുവിന്റെ ഒരു പ്രതിമയാണതെന്ന് അവർക്കു മനസ്സിലായി. അവർ ബോംബ് സ്ഫോടനത്തിൽ ചിതറിപ്പോയ ആ ഭാഗങ്ങൾ എല്ലാം ചേർത്ത് ഒട്ടിച്ച് പള്ളിയുടെ മുമ്പിലുള്ള പീഠത്തിൽ പ്രതിമ ഉറപ്പിച്ചു, എല്ലാം ഭംഗിയായിരിക്കുന്നു. പക്ഷേ പ്രതിമയ്ക്ക് കൈകൾ മാത്രമില്ല. അവർ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ പ്രതിമയുടെ കൈകൾ തിരഞ്ഞു. നിരാശയായിരുന്നു ഫലം. ഒടുവിൽ ആ പ്രതിമയ്ക്ക് കീഴെ ഇങ്ങനെ എഴുതിവച്ചു “നിങ്ങളുടേതല്ലാതെ വേറെ കൈ യേശുവിനില്ല” എത്ര ശരി, അല്ലേ? ‘നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായി ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു‘. (എഫേ. 2:10)



## ഡയ്ലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ കേരളത്തിൽ ജീവിക്കുന്നതുകൊണ്ടുള്ള മെച്ചം?

ബേബി ദാനിയേൽ, പ്ലാന്തോട്ടം, കല്ലിശ്ശേരി

☹ *ഒന്നുകിൽ പട്ടി കടിച്ച്, അല്ലെങ്കിൽ കുഴിയിൽ വീണ്, അല്ലെങ്കിൽ പ്രളയത്തിൽ, അല്ലെങ്കിൽ ഹർത്താലിൽ ചാകാം. എങ്ങനെയായാലും ഫാസിസ്റ്റ് വിരുദ്ധ നവോത്ഥാന പുരോഗതിയ്ക്കു വേണ്ടി ജീവത്യാഗം ചെയ്ത രക്തസാക്ഷിയാക്കി സർക്കാർ ആദരിക്കും.*

☺ സ്ത്രീകൾ വിളക്കാണെങ്കിൽ പുരഷനോ?

ആഷാ റെജി, പുന്തല, കുളനട

☹ *വിളക്കിൽ എരിയുന്ന തിരി*

☺ സ്കൂളിൽ കുട്ടികൾക്ക് മുട്ടയും പാലും കൊടുക്കുമെന്നു പറയുന്നു. വല്ലതും നടക്കുമോ?

ഷേർളി വർഗ്ഗീസ്, മേപ്രാത്ത്, ഇട്ടിയപ്പാറ

☹ *മുട്ട ഉറപ്പാണ്. പാത്രത്തിൽ അല്ലെങ്കിൽ ഉത്തരകടലാസിൽ*

☺ വളഞ്ഞ വഴിയിൽ നേതൃത്വത്തിൽ എത്തിയവരോട് ആർക്കെങ്കിലും ബഹുമാനമുണ്ടാകുമോ?

ജോൺ വർഗ്ഗീസ്, മുളങ്കുന്നത്തുകാവ്, തൃശൂർ

☹ *പണവും സ്ഥാനമാനങ്ങളുമുണ്ടെങ്കിൽ വ്യക്തി പൂജയ്ക്ക് ആളെ കിട്ടും.*

☺ അനുഗ്രഹ ശുശ്രൂഷകളുടെ ഇന്നത്തെ നില

ആനിയമ്മ ഫിലിപ്പ്, പുളിയ്ക്കൽ, കുറവിലങ്ങാട്

☹ *സുഖിപ്പിക്കൽ സുഖിക്കൽ*

☺ വലിയ ചെലവില്ലാതെ ഉരുൾപൊട്ടൽ നേരിട്ട് കാണണമെന്ന് ഒരാഗ്രഹം.

സാജൻ തട്ടാരുപറമ്പിൽ, പാലാരിവട്ടം, കൊച്ചി

☹ *അങ്ങോട്ടു പോകുന്ന ചിലവേയുള്ളൂ. ഇങ്ങോട്ടുള്ള യാത്ര സൗജന്യമാണ്.*

☺ കായംകുളം കൊച്ചുണ്ണി കളവുമുതലിന്റെ ഒരു പങ്ക് പാവങ്ങൾക്ക് സഞ്ചിയിലാക്കി കൊടുത്തിരുന്നു. ഇപ്പോൾ സഞ്ചി മാറി കിറ്റ് ആയി അല്ലേ.

ജോബി സ്ക്കറിയ, പുലമൺ, കൊട്ടാരക്കര

☹ *കൊച്ചുണ്ണിയുടെ സഞ്ചിയിൽ ഇത്രയും ഐറ്റംസ് ഉണ്ടായിരുന്നില്ല.*

☺ പുതിയ ഐ.പി.സി. ഭരണഘടനയെ വിലയിരുത്തിയാൽ.

ജോസി സൈമൺ, ചെറുവയ്ക്കൽ, ആയൂർ

☹ *വാഴ്ചയിൽ വീഴ്ച വരുത്തുവാൻ അനുവദിക്കില്ല.*




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally